# A Brief Note

Ver 1.0

# Framework, Strategies, Roadmap, Time Frame, Finance & Working Model

**സ്പോർട്ടിങ് ഫിറ്റ്നസ് & വെൽനെസ്സ് ഇൻഡസ്ടറി**

**Language - മലയാളം**

*Submitted To,*

കേരള സ്പോർട്ട്സ് ഡിപ്പാർട്ട്മെന്റ്



**കേരള സ്പോർട്ട്സ് ഇക്കോണമി മിഷൻ**

FEBRUARY 2022

# A Brief Note

Ver 1.0

# Framework, Strategies, Roadmap, Time Frame, Finance & Working Model

**സ്പോർട്ടിങ് ഫിറ്റ്നസ് & വെൽനെസ്സ് ഇൻഡസ്ടറി**

**Language - മലയാളം**

*Submitted To,*

കേരള സ്പോർട്ട്സ് ഡിപ്പാർട്ട്മെന്റ്



**കേരള സ്പോർട്ട്സ് ഇക്കോണമി മിഷൻ**

FEBRUARY 2022

# ഉള്ളടക്ക പട്ടിക


1. ആമുഖം………………………………………………………………………….. 04
2. സ്പോർട്സ് ഇക്കോണമി…………………………………………………… 05
3. കേരള സ്പോർട്സ് ഇക്കോണമി…………............................................... 06
4. കോവിഡാനന്തര സാഹചര്യങ്ങൾ......................................................... 07
5. എന്തുകൊണ്ട് കേരളം ……………………………………………………. 08
6. പ്രസക്തി………………………………………………………………………. 09
7. സമീപനവും സാമ്പത്തിക പ്രക്രിയയും……………………………….... 10
8. സ്ട്രാറ്റജി……………………………………………………………………. 11
9. നേട്ടം - *ബഹുമുഖം* ……….………………………………………………….. 14
10. തയ്യാറെടുപ്പിനായുള്ള പരിപാടികൾ………………………………… 15
11. ഫീൽഡ് സർവേ, മാപ്പിംഗ്, ഡാറ്റ ശേഖരണം………………………….. 17
12. പ്രധാന പരിഗണനാ മേഖലകൾ ……………………………………….. 18
13. സെഗ്മെന്റ് വിശകലനം ......................................................................... 21
14. പ്ലാനുകളും സ്കീമുകളും പ്രൊപ്പോസലുകളും…...…………………… 22
15. ഫലങ്ങൾ……………………………………………………………………. 26
16. വിവിധ ഘട്ടങ്ങൾ ……………………..…………………………………. 28
17. റോഡ്മാപ്പ് ……………………………………………………………………. 29

I

# ആമുഖം

## കേരള സ്പോർട്സ് ഇക്കോണമി മിഷൻ

ഏതൊരു സമ്പദ് വ്യവസ്ഥയും രൂപപ്പെടുത്തുന്നതിന് ചില പ്രക്രിയകൾ ആവശ്യമാണ്. സമ്പദ്‌വ്യവസ്ഥയുടെ വലുപ്പം നിർണ്ണയിക്കുന്നത് അതിൽ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ്. വിവിധ തലങ്ങളിൽ നിന്നുള്ള ഒരു ഡാറ്റ ലഭിക്കേണ്ടത് അത്യാവശ്യമാണ്. ഒരു സമ്പദ്‌വ്യവസ്ഥയായി ഉയർന്നുവരുന്ന താരതമ്യേന പുതിയ മേഖലയാണ് സ്പോർട്സ് എന്നതിനാൽ, സാധ്യതകളും വരുമാനമുണ്ടാക്കുന്ന വിഭാഗങ്ങളും വരുമാന മാർഗങ്ങളും തിരിച്ചറിയുന്നത് വളരെ പ്രധാനമാണ്. ഈ പഠനത്തിൽ പ്രധാന വരുമാന മാർഗങ്ങൾ തിരിച്ചറിഞ്ഞു. ഏകദേശം 25 പ്രധാന മേഖലകളും അതിന്റെ സൂക്ഷ്മ വിഭാഗങ്ങളും മൂല്യനിർണ്ണയത്തിനായി കണ്ടെത്തി. 225 മൈക്രോ സെഗ്മെന്റുകളും കണ്ടെത്തിയിട്ടുണ്ട്. സ്പോർട്സ്, ഫിറ്റ്നസ്, വെൽനസ്, ഫിസിക്കൽ ആക്റ്റിവിറ്റി ഇക്കണോമി എന്ന സ്പോർട്സിന്റെ വിശാലമായ നിർവചനത്തിലാണ് ഇവയെല്ലാം വരുന്നത്. ഈ പഠനത്തിൽ സാമ്പത്തികേതര ഫലം കണക്കാക്കിയിട്ടില്ല. എന്നാൽ ഇത് ദൗത്യത്തിന്റെ വലിയ പരിമിതിയായി കണക്കാക്കപ്പെടുന്നു. തൊഴിൽ ഉൽപ്പാദനവും തൊഴിലിന്റെ ജിഡിപി പരിവർത്തനവും കണക്കാക്കുകയും മൂല്യത്തിലേക്ക് കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട് . സ്പോർട്സ് ഇക്കണോമി പ്രോട്ടോടൈപ്പ് വികസിപ്പിക്കുന്നതിന് മുമ്പ് മുഖ്യ പരിഗണനാ മേഖലകൾ തിരിച്ചറിയൽ, ഡാറ്റ ശേഖരണം, മോഡലിംഗ്, മോഡലുകളുടെ വിശകലനം, കേസ് സ്റ്റഡീസ് എന്നിവ പൂർത്തിയാക്കേണ്ടതുണ്ട്.

ലഭ്യമായ ദ്വിതീയ ഡാറ്റ ഉപയോഗിച്ചുള്ള ഒരു പ്രാരംഭ പഠനമാണിത്. ഏകദേശ കണക്കുകളെ അടിസ്ഥാനമാക്കിയുള്ളതാണ് അനുമാനങ്ങൾ. സമഗ്രമായ സർവേയിലൂടെയും ഭൂമിശാസ്ത്രപരമായ മാപ്പിംഗിലൂടെയും വിശദമായ മൈക്രോ ലെവൽ വിലയിരുത്തൽ ഒരു സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനുള്ള അത്തരമൊരു ശ്രമത്തിന്റെ പൂർത്തീകരണത്തിനായി നിർദ്ദേശിക്കപ്പെടുന്നു.

കേരള സമ്പദ്ഘടന, അതിന്റെ പ്രത്യേകത, വെല്ലുവിളികൾ എന്നിവ വിശകലനം ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സിന്റെ സാംഗത്യം വിലയിരുത്തുന്നു. കേരള സ്പോർട്സിന്റെ ചരിത്രവും നേട്ടങ്ങളും സമ്പദ്ഘടനാ രൂപീകരണത്തിന്റെ അടിത്തറയായി പരിഗണിച്ചിരുന്നു.

സ്ട്രാറ്റജി പേപ്പർ തയ്യാറാക്കിയിട്ടുള്ളത് ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണ്. പദ്ധതികൾ, സ്കീമുകൾ, പരിപാടികൾ എന്നിവ തയ്യാറാക്കിയിട്ടുള്ളത് ഈ സ്ട്രാറ്റജിയെ പിന്തുടർന്നാണ്.

II

# സ്പോർട്സ് ഇക്കോണമി

## ഇന്ത്യയിൽ ഇതാദ്യം

സ്പോർട്സ് മേഖലയെ സമ്പദ്ഘടനയുടെ ഭാഗമായി കൊണ്ടുവരാനുള്ള ശ്രമമാണിത്. നിലവിൽ ഇന്ത്യയിൽ കായിക മേഖലയെ അത്തരത്തിൽ അളന്നു തിട്ടപ്പെടുത്തിയിട്ടില്ല. സമ്പദ്ഘടനയുടെ ഭാഗം അല്ല താനും. എന്നാൽ കായിക ശക്തികളായ വികസിത രാജ്യങ്ങൾ സമ്പദ്ഘടനയുടെ ഭാഗമായി അതിനെ കാണുന്നു. അവരുടെ ജിഡിപി യിൽ കായികം കൂടിയുണ്ട്. സമ്പദ്ഘടനയുടെ ഭാഗമാകുന്നതോടെ വളർച്ചാ സാധ്യത വർധിക്കുന്നു. ഓരോ വർഷവും ദേശീയ സമ്പദ്ഘടനക്ക് അത് എത്രമാത്രം സംഭാവന ചെയ്യുന്നുവെന്നും അടുത്ത വർഷങ്ങളിലേക്ക് എത്ര സംഭാവന ചെയ്യണമെന്നും അനുമാനിക്കാൻ സാധിക്കുന്നു. അതിന് ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു. കായിക മേഖല നൽകുന്ന സംഭവനക്കും, വളർച്ചക്കും കൃത്യമായ കണക്കുകൾ ഉണ്ടാകുന്നു. അത് വളർച്ചയെ ത്വരിതപ്പെടുത്താതിരിക്കില്ല.

### 2.1 ഇന്ത്യയിൽ ഇതാദ്യം

ദേശിയ തലത്തിലോ, സംസ്ഥാനങ്ങളിലോ ഇത്തരം ഒരു പരിശ്രമം ഇത് വരെ നടന്നിട്ടില്ല. അതുകൊണ്ടു തന്നെ രാജ്യത്ത് ഇതൊരു മോഡൽ ആകും. ആരോഗ്യം, വിദ്യാഭ്യാസം, സ്റ്റാർട്ടപ്പ് എന്നീ രംഗങ്ങളിലെ കേരള മോഡൽ പോലെ കായിക രംഗത്ത് നിന്നൊരു കേരള മോഡൽ. നമ്മുടെ ജിഡിപിയിൽ 1 ശതമാനത്തോളം നിലവിൽ കായിക മേഖലക്ക് സംഭാവന ചെയ്യാൻ കഴിയുന്നുണ്ടെന്നാണ് പ്രാഥമിക അനുമാനം. അത് 2 മുതൽ 3 വരെ ശതമാനം ആക്കി ഉയർത്താൻ കഴിയുമെന്നും അനുമാനിക്കപ്പെടുന്നു. അത് ആഗോള തലത്തിൽ നോക്കിയാൽ ചെറിയ കാര്യമല്ല.

### 2.2 സ്പോർട്സ് ഇക്കോണമിയുടെ വലുപ്പം- കേരളത്തിൽ

കേരളത്തിന്റെ 2020-21 ലെ മൊത്തം ആഭ്യന്തര ഉത്പാദനം 9.78 ലക്ഷം കോടി ആയിരുന്നു. സർവീസ് മേഖലയാണ് ഏറ്റവും കൂടുതൽ വരുമാനം നൽകിയത്. സ്പോർട്സ് വ്യവസായത്തിന്റെ വലുപ്പത്തെക്കുറിച്ചു ആഴത്തിലുള്ള പഠനങ്ങൾ നടന്നിട്ടില്ല. സെക്കൻഡറി ഡാറ്റ അടിസ്ഥാനമാക്കി നടത്തിയ പഠനത്തിൽ 10,000 കോടി മുതൽ 12,000 കോടി വരെ സ്പോർട്സ് (Core, Allied, Complementary and Supplementary Sectors) മേഖല സംഭാവന ചെയ്യുന്നു എന്നാണ് അനുമാനം. അതായത് 1 ശതമാനം വരെ. താരതമ്യത്തിൽ യുഎസ്, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ സ്പോർട്സ് മേഖല ജിഡിപിയ്ക്ക് നൽകുന്ന സംഭവനയിൽ കൂടുതൽ വരുമിത്. 5 വർഷത്തെ തീവ്ര യത്നത്തിലൂടെ ഇത് 3-4 ശതമാനം വരെയാക്കാൻ കഴിഞ്ഞേക്കും. ഉല്പാദന, സേവന പ്രക്രിയകളിലായി പ്രതിവർഷം 40,000 കോടിയുടെ സംഭാവന ചെയ്യാൻ കഴിയുന്ന അവസ്ഥയിലേക്ക് വളരാൻ ലക്ഷ്യമിടുന്നു. വലിയ ഇടപെടൽ കൂടാതെ തന്നെയാണ് ഇപ്പോഴത്തെ മോശമല്ലാത്ത പങ്കാളിത്തം. ഇക്കോണമിയായി പരിഗണിച്ചു പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചാൽ ഈ വളർച്ച സാധ്യമാകും.

### 2.3 പ്രക്രിയ

സ്പോർട്സ് സാമ്പത്തിക പ്രക്രിയയുടെ ഭാഗമായി കണക്കാക്കാവുന്ന ഒരു മേഖലയായി പരിഗണിച്ചാൽ പ്രാഥമികമായി അതിനുള്ള ഫ്രെയിം വർക്ക് ഉണ്ടാക്കുന്നു. സ്പോർട്സ് അനുബന്ധ സംവിധാനങ്ങളെക്കുറിച്ചുള്ള വിശദ വിവര ശേഖരണമാണ് അടുത്ത പടി. പരിഗണനാ മേഖലകൾ, നിലവിൽ സ്പോർട്സ് അനുബന്ധ മേഖലകളുടെ ആസ്തി, ഉത്പാദനം, സേവനം, വിറ്റുവരവ്, ജിഡിപിയിലെ പങ്കാളിത്തം എന്നിവ കണക്കാക്കുന്നു. ഇക്കോണമിയായി ഒരു മേഖലയെ സമീപിക്കുമ്പോൾ അടിസ്ഥാന നയ സമീപനങ്ങളിൽ കാതലായ മാറ്റം ഉണ്ടാകും. അതിനോട് ചേർന്ന് നിൽക്കുന്ന സ്ട്രാറ്റജി ഉണ്ടാകണം. അതിനെ അടിസ്ഥാനമാക്കി പരിഗണനാ മേഖലകളും, ഉപമേഖലകളും നിശ്ചയിക്കണം. വരുമാന സ്രോതസുകൾ കണ്ടെത്തണം. ഉത്പന്ന, സേവന മേഖലകളെ വേർതിരിക്കണം. അത് ജിഡിപിയിലേക്ക് മാറ്റിയെടുക്കണം. ഒരു വർഷം പ്രത്യക്ഷമായും പരോക്ഷമായും ഉണ്ടാകുന്ന തൊഴിൽ കണക്കാക്കണം. അതിനെയും സാമ്പത്തിക രൂപത്തിലേക്ക് മാറ്റിക്കൊണ്ടുവരണം. നിലവിലുള്ള ഇൻഡക്സുകൾ എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് കണ്ടെത്തണം. അത്തരം ഇൻഡെക്സുകൾ ഇല്ലെങ്കിൽ മറ്റ് രീതികളിൽ ക്വാണ്ടിറ്റേറ്റിവ് അസസ്മെന്റ് സാധ്യമാണോ എന്ന് നോക്കണം.ഇത്തരം ഘടകങ്ങൾ എല്ലാം പരിഗണിച്ചുകൊണ്ട് ഓരോ മേഖലക്കും, ഉപമേഖലക്കും ഉതകുന്ന പദ്ധതികൾ, പരിപാടികൾ, സ്കീമുകൾ എന്നിവ തയ്യാറാക്കുന്നു. ഇതിൻറെ ഒക്കെ അടിസ്ഥാനത്തിലാണ് വളർച്ചാ തോത് നിശ്ചയിക്കുക. അതിന് നിലമൊരുക്കുന്ന രീതിയിൽ പ്രചാരണ പരിപാടികൾ തയ്യാറാക്കേണ്ടതുണ്ട്. സ്പോർട്സ് ഇക്കോണമി മിഷന് പറ്റിയ ഒരു അന്തരീക്ഷം അങ്ങനെ സൃഷ്ടിക്കണം. കോൺക്ലേവുകൾ, ഹാക്കത്തോൺ, ഇൻവെസ്റ്റർ മീറ്റുകൾ തുടങ്ങി പൊതു പങ്കാളിത്തം ഉറപ്പാക്കുന്ന തയ്യാറെടുപ്പിനുള്ള പരിപാടികളും ഒരുക്കണം.

III

# കേരള സ്പോർട്സ് ഇക്കോണമി

## 3.1 നിർവ്വചനം

ഈ പ്രക്രിയയിൽ മേഖലയെ കൃത്യമായി നിർവചിക്കേണ്ടതുണ്ട്. ഏതൊക്കെ മേഖലകളെയും, ഉപ വിഭാഗങ്ങളെയും ഉൾക്കൊള്ളിക്കണമെന്ന് നിശ്ചയിക്കണമെങ്കിൽ ഇത് കൂടിയേ തീരൂ. വികസിത സമ്പദ്ഘടനകൾ എടുത്തിട്ടുള്ള നിർവചനങ്ങളാണ് നമുക്ക് മുന്നിലുള്ള മാതൃക. പ്രാദേശിക സ്വഭാവങ്ങളും പ്രത്യേകതകളും ചേർത്ത് ഒരു നിർവചനം കണ്ടെത്തേണ്ടിയിരിക്കുന്നു. നിലവിൽ സമ്പദ്ഘടനയുടെ ഭാഗമാകാത്ത ഘടകങ്ങൾ ഉണ്ടാകാം. സമ്പദ്വ്യവസ്ഥയിൽ ഉൾപ്പെടുന്നതെങ്കിലും മറ്റ് ഉപവിഭാഗങ്ങളിൽ പെടുന്നതും, കായികം പ്രത്യേക മേഖലയാകുന്നതോടെ അതിന്റെ ഭാഗമായി വരാവുന്നതുമായ ചില മേഖലകൾ ഉണ്ടാകും. നിർവചനം സൂക്ഷ്മമായാലേ അതിർ വരമ്പുകൾ നിശ്ചയിക്കാൻ സാധിക്കൂ. ശാരീരിക മികവും, ശേഷിയും ആവശ്യമുള്ള ഏതു തരത്തിലുള്ള വിനോദവും കായികം എന്ന നിർവചനത്തിൽ വരും. അവയുടെ പരിശീലനം, മത്സരങ്ങൾ, കളിയിടങ്ങൾ, സംഘാടനം എന്നിവ മുഖ്യമായും ഇതിന്റെ ഭാഗമായി വരും. ശാരീരികക്ഷമത (Fitness), ശാരീരിക വ്യായാമങ്ങൾ (Physical Activities), സുഖദായക പ്രവൃത്തികൾ (Wellness) എന്നിവ കൂടി അടിസ്ഥാനപരമായി കായിക മേഖലയുടെ ഭാഗമായി വരുന്നുണ്ട്. വെൽനെസ് ഇപ്പോൾ പ്രധാനമായും ആരോഗ്യ മേഖലയുടെ ഭാഗമായാണ് നിൽക്കുന്നത്. അതിന് കൂടുതൽ സാധ്യതകളും, അവസരങ്ങളും, സ്വതന്ത്രമായ വളർച്ചാ സാധ്യതയും സ്പോർട്സ് മേഖലയുമായി ചേർന്ന് നിൽക്കുമ്പോഴാണ്. ആയുഷ്, അലോപ്പതി എന്നീ ധാരകളുടെ ഏകോപനവും ഇവിടെ ആവശ്യമുണ്ട്.

## 3.2 സ്പോർട്സും ഒരുമിച്ചു വളർത്താവുന്ന മേഖലകളും

കായികത്തിന് കൂടുതൽ സംഭാവന ചെയ്യാൻ കഴിയുന്ന മേഖല ആരോഗ്യം തന്നെ. ടൂറിസം, സാംസ്കാരികം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലും വലിയ സ്വാധീനം ചെലുത്താൻ അതിന് ശേഷിയുണ്ട്. ഈ മേഖലകൾക്കും സ്കിൽ ഡെവലപ്മെന്റ്, വ്യക്തി വികാസം, വ്യക്തിത്വ വികസനം തുടങ്ങിയ കാര്യങ്ങളിലും സംഭാവന നൽകാൻ അതിന് കഴിയും. സാമ്പത്തിക അളവുകോലുകൾ വച്ച് തിട്ടപ്പെടുത്താൻ പരിമിതികൾ ഉണ്ട്. പക്ഷെ ചില മാനദണ്ഡങ്ങൾ വികസിപ്പിക്കപ്പെട്ടിട്ടുണ്ട്. സന്തോഷ സൂചിക, ഡയബറ്റിക് രെജിസ്റ്ററി, ഒബീസിറ്റി ഇൻഡക്സ്, ബോഡി മാസ് ഇൻഡക്സ് എന്നിവ ഉദാഹരണങ്ങളാണ്.

## 3.3 തൊഴിൽ സൃഷ്ടിക്കൽ

മുഴുവൻ കായിക പ്രവർത്തനങ്ങളിൽ നിന്നും അതിന്റെ അനുബന്ധ മേഖലകളിൽ നിന്നും സേവനങ്ങളിലൂടെയും ഉൽപ്പന്നങ്ങളിലൂടെയും നിര്വഹണത്തിലൂടെയും സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ ഒരു പ്രധാന സാമ്പത്തിക ഉൽപ്പാദനമായി ഉൾപ്പെടുത്തണം.

## 3.4 സാമ്പത്തികേതര ഫലങ്ങൾ

സാമ്പത്തികേതരമായ ഒട്ടും അവഗണിക്കാനാകാത്ത ഗുണഫലങ്ങൾ കായിക മേഖലയുടെ സംഭാവനയായി ഉണ്ടല്ലോ. സ്പോർട്സ് ഇക്കോണമി മിഷൻ തയ്യാറാക്കുന്ന സമീപന രേഖയിലും ചട്ടക്കൂടിലും അവയെ സാമ്പത്തിക ഗുണഫലങ്ങളെപ്പോലെ തന്നെ അളന്ന് തിട്ടപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്. ഒരു പ്രവൃത്തിയെ/ ഉത്പന്നത്തെ/ സേവനത്തെ സാമ്പത്തിക ശാസ്ത്രം എങ്ങനെ അതിന്റെ ചട്ടക്കൂടിലേക്ക് അക്കങ്ങളാക്കി മാറ്റിയെടുക്കുന്നോ, അതെ സമീപനത്തിൽ സാമ്പത്തികേതര ഘടകങ്ങളെയും മാറ്റിയെടുത്ത് തിട്ടപ്പെടുത്താൻ ഇവിടെ ശ്രമിക്കുന്നുണ്ട്. പലതിനും നിയതമായ മുൻ മാതൃകകൾ ഇല്ലാത്തതിനാൽ സമാന സ്വഭാവമുള്ള പ്രക്രിയകൾ മാതൃകയായി കണക്കാക്കിയിരുന്നു.

## 3.5 നാനാമുഖ സ്വാധീനം (Multi Dimensional Impact)

വ്യക്തി, സാമൂഹ്യ ജീവിതത്തിൽ സ്പോർട്സ് ചെലുത്തുന്ന സ്വാധീനം ഒട്ടാക്കെ സർവ സ്പർശിയാണ്. അതിനെ സാമ്പത്തിക മാനദണ്ഡങ്ങൾ വച്ച് മാത്രം നിർണയിക്കാൻ കഴിയുന്നതല്ല. സാമ്പത്തികമായ അളവുകോലുകളുടെ അല്ലെങ്കിൽ സാമ്പത്തിക സമീപനത്തിന്റെ പ്രത്യേകത ഇവയെ ആകമാനം അളക്കാൻ കഴിയും, അഥവാ നിലവിൽ അത്തരം മാനദണ്ഡങ്ങൾ ഇല്ലെങ്കിലും ഉണ്ടാക്കാൻ കഴിയും എന്നതാണ്. നിരവധി മേഖലകളിൽ പ്രത്യക്ഷമായും പരോക്ഷമായും കായിക മേഖലക്ക് ചെലുത്താൻ കഴിയുന്ന സ്വാധീനം പരിഗണിക്കപ്പെടേണ്ടതാണ്.

# IV കോവിഡാനന്തര സാഹചര്യങ്ങൾ

## 4.1സാമ്പത്തിക വ്യവസായ സാഹചര്യം

സാമ്പത്തിക രംഗത്ത് കോവിഡ് സൃഷ്ടിച്ച ആഘാതം ചെറുതല്ല. ടൂറിസം പോലെ കേരളം ഏറെ ആശ്രയിച്ചിരുന്ന മേഖലകളിൽ പ്രത്യേകിച്ചും. വളർച്ചയുടെ പുതിയ സാധ്യതാ മേഖലകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം കായികം അത്തരം സാധ്യത ഉള്ള ഒരു മേഖലയാണ്.

## 4.2 ആരോഗ്യ വെല്ലുവിളികൾ

ആരോഗ്യരംഗത്തെ വെല്ലുവിളികൾ ഇതോടൊപ്പം പരിഗണിക്കപ്പെടേണ്ടതുണ്ട്. കേരളീയരുടെ പ്രതിരോധ ശേഷിക്കുറവ് കോവിഡ് രണ്ട്, മൂന്ന് തരംഗങ്ങളോടെ കൂടുതൽ വ്യക്തമായി. പകർച്ചവ്യാധികൾ എത്തും പെട്ടെന്ന് പകർന്ന് പിടിക്കുന്നു. ജീവിത ശൈലീ രോഗങ്ങൾ കേരളത്തെ തുറിച്ചുനോക്കുന്നൊരു പ്രതിസന്ധിയാണ്. ഇവയെ ഒട്ടൊക്കെ നിയന്ത്രിക്കാൻ വ്യായാമം, കായിക വിനോദങ്ങൾ എന്നിവയെക്കൊണ്ടാകും. ആരോഗ്യവും, പ്രതിരോധ ശേഷിയുമുള്ള ഒരു ജനത എന്ന സങ്കല്പത്തിൽ ഇത് പ്രധാനമാണ്. വ്യക്തികളുടെ ചികിത്സാ ചെലവുകൾ, ആരോഗ്യ രംഗത്തെ സർക്കാർ മുതൽമുടക്ക് എന്നിവ കുറച്ചു കൊണ്ടുവരാൻ ഇത് മൂലം കഴിയും.

## 4.3 മാനസികോല്ലാസം

വലിയ മത്സരാന്തരീക്ഷം വിപണിയിലും, വിദ്യാഭ്യാസത്തിലും ഒക്കെ നിലനിൽക്കുന്നു. ആവശ്യത്തിലേറെ മാനസിക സമ്മർദ്ദം സമൂഹത്തിലുണ്ട്. ആത്മഹത്യ പോലുള്ള പ്രവണതകൾ വ്യാപിക്കുന്നതിന് കാരണം ഇതാണ്. ജനതയുടെ മാനസികോല്ലാസത്തിൽ കായിക രംഗത്തിനുള്ള പ്രസക്തി വളരെ കൂടുതലാണ്. മനസികാരോഗ്യത്തിന് മരുന്നിനേക്കാൾ നല്ലത് കായിക വിനോദങ്ങളിലെ പങ്കാളിത്തമാണ്.

## 4.4 തൊഴിൽ അവസരങ്ങൾ

വ്യവസായ രംഗത്തെ മാന്ദ്യം സ്വാഭാവികമായും തൊഴിൽ അവസരങ്ങൾ കുറയ്ക്കും. പുതിയ വളർച്ചാ സാധ്യതാ മേഖലകൾ ഈ വെല്ലുവിളി കൂടി അഭിസംബോധന ചെയ്യാൻ കരുത്തുള്ളതായിരിക്കണം. സ്പോർട്സ് കായിക താരങ്ങൾക്കും, പരിശീലകർക്കും, സംഘാടകർക്കും, ഒഫീഷ്യലുകൾക്കും അടക്കം നേരിട്ടും അല്ലാതെയും സൃഷ്ടിക്കുന്ന തൊഴിൽ അവസരങ്ങൾ ശ്രദ്ധേയമാണ്. അതിന് രാജ്യാതിർത്തികളുടെ പരിമിതിയിൽ, സംസ്ഥാന അതിർത്തി തടസമല്ല. റെയിൽവേ, സർവീസസ്, സംസ്ഥാന പോലീസ് സേനകൾ അടക്കം രാജ്യത്തെ കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, പൊതുമേഖലാ കമ്പനികൾ എന്നിവിടങ്ങളിൽ കഴിഞ്ഞ 5 പതിറ്റാണ്ടിൽ സ്പോർട്സ് ക്വോട്ടയിൽ ജോലി നേടിയിട്ടുള്ള വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവരുടെ കണക്കെടുത്താൽ കേരളം വളരെ മുൻപിലാണെന്ന് കാണാം. വിവിധ ഇനങ്ങളിൽ ലീഗുകൾ കൂടി വന്നതോടെ അത്തരത്തിൽ അവസരം കിട്ടുന്നവരുടെ എണ്ണവും വർധിച്ചു. കായിക മികവ് പ്രകടിപ്പിക്കുന്ന പ്രതിഭാശാലികൾ എത്ര വേണമെങ്കിലുമുള്ള സംസ്ഥാനത്ത് അവർക്ക് തൊഴിൽ അവസരങ്ങൾ കണ്ടെത്താൻ പ്രയാസമില്ലെന്ന് കണക്കുകൾ പറയുന്നു. അനുബന്ധ അവസരങ്ങൾ പാർട്ട് ടൈം അടക്കം ഇതിനൊപ്പം വളരും.

## 4.5 സ്കിൽ ഡെവലപ്മെന്റ്

കായിക മികവും ശേഷിയും ആവശ്യപ്പെടുന്ന ഇന്ത്യയിലെ തൊഴിൽ അവസരങ്ങൾ ലക്ഷോപലക്ഷമാണ്. സൈനിക, പോലീസ് സർവീസുകൾ അടക്കമാണിത്. തൊഴിൽ ശേഷിയിൽ കായിക ശേഷി പ്രധാനമയ ഈ അവസരങ്ങളെ കുറേക്കൂടി ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞാൽ അതും സാധ്യതയായി തുടരും.

## 4.6 സാമൂഹ്യ അഭിമാനം, പൗരബോധം

നമ്മൾ ജീവിക്കുന്ന നാട്, സമൂഹം, രാജ്യം എന്നിവയുണ്ടാക്കുന്ന നേട്ടങ്ങൾ സാമൂഹ്യ ജീവി എന്ന നിലയിൽ പൗരന്മാരുടെ അന്തസും, അഭിമാനവും, സന്തോഷവും, ആത്മവിശ്വാസവും വർധിപ്പിക്കുന്നു. വികസിത സമൂഹങ്ങൾ എല്ലാ രംഗങ്ങളിലും മികവ് ആർജിക്കാൻ ശ്രമിക്കുന്നത് പൗരന്മാരുടെ സാമൂഹ്യ അഭിമാനം ഉയർത്തുകയും അത് വഴി അവരെ വ്യക്തിപരമായും, സമൂഹത്തോട് കൂടിയും നേട്ടമുണ്ടാക്കാൻ പ്രേരിപ്പിക്കുന്നതിന് കൂടി വേണ്ടിയാണ്. കായിക രംഗത്തെ സംസ്ഥാനത്തിന്റെ നേട്ടങ്ങൾ ഇത്തരത്തിൽ സാമൂഹ്യ മാറ്റത്തിന് കാരണമാകും.

V

# എന്തുകൊണ്ട് കേരളം

## *ഏറ്റവും സ്പോർട്സ് ആവേശമുള്ള സമൂഹം*

ഇന്ത്യയിൽ സ്പോർട്സ് ഇക്കോണമി നടപ്പാക്കാൻ ഏറ്റവും അനുയോജ്യമായ സംസ്ഥാനമാണ് കേരളം. അതിനെ പിന്തുണയ്ക്കുന്ന പ്രധാന ഘടകം സമ്പന്നമായ ചരിത്ര പശ്ചാത്തലമാണ്. ഇന്ത്യൻ കായിക ലോകത്ത് എണ്ണപ്പെട്ട നിരവധി നേട്ടങ്ങൾ കേരളത്തിന്റേതായുണ്ട്. മറ്റ് സംസ്ഥാനങ്ങൾക്ക് പലതിനും മാതൃകയും, പ്രചോദനവുമായി കേരളം മാറി. അത്‌ലറ്റിക്സിൽ നൂറു കണക്കിന് താരോദയങ്ങൾ ട്രാക്കിലും, ഫീൽഡിലും ഉണ്ടായി. കേരളം തുടർച്ചയായി ദേശിയ ചാമ്പ്യൻഷിപ്പ് നിലനിര്‍ത്തി. സ്കൂൾ മീറ്റുകളിൽ കാൽ നൂറ്റാണ്ടിലധികം കേരളം ജ്വലിച്ചു നിന്നു. വോളിബോൾ, ഫുടബോൾ, ബാസ്കറ്റ്ബോൾ, നീന്തൽ എന്നിവയിലെല്ലാം ഈ പ്രതിഭാ ധാരാളിത്തം ഉണ്ടായിരുന്നു. ഇന്ത്യൻ സ്പോർട്സിന്റെ ഫീഡർ സ്റ്റേറ്റ് ആയി കേരളം അറിയപ്പെടുന്നു. സംഘാടകത്വത്തിലും സംസ്ഥാനം മികച്ചു നിൽക്കുന്നു. ഒട്ടേറെ ചാംപ്യൻഷിപ്പുകൾ എന്നും വിജയകരമായി കേരളം സംഘടിപ്പിച്ചു. പോപ്പുലർ സ്പോർട്സിൽ ഇത്രയധികം കാണികളും, ആരാധകരുമുള്ള സംസ്ഥാനം മറ്റൊന്നുണ്ടാകില്ല. ആരോഗ്യം, വിദ്യാഭ്യാസം, ടൂറിസം എന്നിവയിൽ കേരളം സൃഷ്ടിച്ച മോഡൽ ഏറെ ശ്രദ്ധേയം. അത്തരമൊരു മാതൃക സൃഷ്ടിക്കാൻ സ്പോർട്സിനും ഈ മിഷനിലൂടെ സാധിക്കും.

**പ്രധാന പ്രത്യേകതകൾ**

- ആഴത്തിൽ വേരുറച്ച കായിക സംസ്കാരം കേരളത്തിലുണ്ട്
- ഉറവ വറ്റാത്ത പ്രതിഭാ ധാരാളിത്തം
- മറ്റ് സംസ്ഥാനങ്ങൾക്ക് പ്രതിഭകളെ സംഭാവന ചെയ്യുന്ന സംസ്ഥാനമെന്ന മേൽവിലാസം
- കുട്ടികളുടെയും, മാതാപിതാക്കളുടെയും വളരുന്ന സ്പോർട്സ് അഭിനിവേശം
- വലിയ അന്തർദേശിയ, ദേശിയ നേട്ടങ്ങൾ
- സ്പോർട്സിൽ അഭിമാനവും ആവേശവുമുള്ള ജനത
- ഗ്രാമീണ, നഗര വ്യത്യാസമില്ലാത്ത സംസ്ഥാന ഘടന
- ഉയർന്ന ടെലിവിഷൻ, മൊബൈൽ സാന്ദ്രത
- ഉയർന്ന തോതിലുള്ള ഡിജിറ്റൽ കൺസംഷൻ
- കൺസ്യൂമർ സമൂഹം
- മാധ്യമങ്ങൾ സ്പോർട്സിന് നൽകുന്ന വലിയ പ്രാധാന്യം
- സ്പോർട്സ് സംരംഭങ്ങൾക്ക് ലഭിക്കുന്ന പിന്തുണ
- പടരുന്ന സ്റ്റാർട്ടപ്പ് തരംഗം
- പങ്കാളിത്ത സംവിധാനങ്ങൾക്കുള്ള സ്വീകാര്യത
- കോ ഓപ്പറേറ്റിവ്, എൻ ആർഐ, എൻആർകെ തുടങ്ങിയ സാദ്ധ്യതകൾ
- തനത് കായിക ഇനങ്ങൾക്കുള്ള സ്വീകാര്യത
- നല്ല സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ
- മികച്ച സ്പോർട്സ്, ഫിറ്റ്നസ്, വെൽനസ് സാക്ഷരത
- ആരോഗ്യത്തിലുള്ള കരുതൽ, ഇപ്പോഴുള്ള ആശങ്കകൾ

# പ്രസക്തി

## സാമ്പത്തികവും സാമ്പത്തികേതരവും

### സ്പോർട്സ് ഇക്കോണമിയുടെ സമകാലിക സാംഗത്യം

സ്പോർട്സ് ഇക്കോണമി വളരുന്ന സമ്പദ്ഘടനകൾക്ക് ഒഴിവാക്കാൻ പല കാരണങ്ങൾ കൊണ്ടും കഴിയുന്നതല്ല. കേരളം അതിന്റെ ഭൂവലുപ്പം, ജനസംഖ്യ എന്നിവ പരിഗണിക്കുമ്പോൾ ഇന്ത്യൻ ജിഡിപിക്ക് നൽകുന്നത് ആനുപാതികത്തേക്കാൾ ഉയർന്ന സംഭാവനയാണ്. ആളോഹരി വരുമാനം വളരെ ഉയർന്നത്. മനുഷ്യ വികസന സൂചികകളിൽ കേരളം ബഹുദൂരം മുന്നിലാണ്. പ്രത്യേകിച്ച് ആരോഗ്യം, വിദ്യാഭ്യാസം എന്നിവയിൽ. അത് വികസിത രാജ്യങ്ങൾക്കൊപ്പം നിൽക്കുന്നു. കേരള സമ്പദ്ഘടനയിൽ ആഭ്യന്തര ഉല്പാദനത്തേക്കാൾ സംഭാവന ചെയ്യുന്നത് പ്രവാസി സമൂഹമാണ്. അവരുടെ ഇൻപുട്ട് കൂടി നോക്കിയാൽ മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളം വികസനത്തിൽ മുന്നിലാണെന്ന് കാണാം. അതുകൊണ്ട് തന്നെ കേരളത്തിന് വികസിത രാജ്യങ്ങളുടെ പാതയിൽ ആദ്യം സഞ്ചരിക്കേണ്ടതുണ്ട്.

സമകാലിക വെല്ലുവിളികളിൽ ചിലത് കോവിഡുമായി ചേർന്ന് നിൽക്കുന്നു. ആരോഗ്യം, പ്രതിരോധ ശേഷി, വ്യായാമം എന്നിവ എല്ലാവരുടെയും ശ്രദ്ധ ആകർഷിക്കുന്നു. വ്യവസായ ലോകം ആഗോള തലത്തിൽ തന്നെ പുതിയ വളർച്ചാ മേഖലകൾ തേടുന്നു. ഗ്രീൻ ബിസിനസ്, ഫെയർ ട്രേഡ്, ഡാറ്റ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റ അനലിറ്റിക്സ്, ഇ കൊമേഴ്സ്, വെൽനെസ് , ഓർഗാനിക് അഗ്രികൾച്ചർ & ഫുഡ്, ട്രേഡ് ടൂറിസം, ബിഹേവിയറൽ സയൻസ് തുടങ്ങി പലവിധ പുതു സാദ്ധ്യതകൾ തേടുന്നു. സ്പോർട്സ്, ഫിറ്റ്നസ്, വെൽനസ് എന്നിവ ഒരുമിച്ചു പരിഗണിക്കുമ്പോൾ അത്രമേൽ പ്രസക്തമായ ഒരു ആഗോള സാധ്യതയാണ്. അത് സൃഷ്ടിക്കുന്ന പുതിയ തൊഴിൽ സാധ്യതകളും അവസരങ്ങളും പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു,

ഇന്റർനെറ്റ്, മൊബൈൽ,സോഷ്യൽ മീഡിയ അഡിക്ഷന് പരിഹാരം കളിക്കളങ്ങൾ ആണ്. വളർച്ചയുടെ ഗതിവേഗം കൂടുമ്പോൾ ഉണ്ടാകുന്ന മാനസികാരോഗ്യ, വൈകാരിക പ്രശ്നങ്ങൾക്ക് കായിക വിനോദങ്ങൾ ഒരു പരിധി വരെ പരിഹാരമാണ്.



# VII

# സമീപനവും സാമ്പത്തിക പ്രക്രിയയും

സ്പോർട്സ് ഇക്കോണോമി മിഷനായി നിർദ്ദേശിച്ചിരിക്കുന്ന രണ്ട് ടാഗ്ലൈനുകളാണ് എല്ലാവരെയും ഉൾക്കൊള്ളുന്ന സ്പോർട്സ്/ എല്ലാവർക്കും വേണ്ടിയുള്ള സ്പോർട്സ്, മാറ്റത്തിനായി സ്പോർട്സ് എന്നിവ. ഇത് പ്രക്രിയയുടെ കാഴ്ചപ്പാടുമായി പൊരുത്തപ്പെടുന്നു. എല്ലാ കായിക ഇനങ്ങളുടെയും എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു. സ്പോർട്സ് ഫോർ ചേഞ്ച് എന്നത് സ്പോർട്സിലൂടെ നേടിയെടുക്കാൻ ലക്ഷ്യമിടുന്ന സാമൂഹിക പരിവർത്തനത്തിന്റെ ആശയമാണ് മുന്നോട്ട് വയ്ക്കുന്നത്.

## 7.1 സമീപനം

### 7.1.1. എല്ലാവർക്കും അനുഭവവേദ്യമാകുന്ന കായികം

കായിക മേഖലയിൽ എല്ലാവര്ക്കും പങ്കാളിത്തമുണ്ടാകണം. പ്രായ, ലിംഗ, പ്രാദേശിക, തൊഴിൽ ഭേദമോ സാമ്പത്തിക, ജാതി പരിഗണനകളോ ഇല്ലാതെ എല്ലാവര്ക്കും പങ്കാളിത്തമുള്ളതാകണം സ്പോർട്സ് എന്നതാണ് സ്പോർട്സ് ഇക്കോണമി മിഷന്റെ പ്രധാന പരിഗണന. എല്ലാവരെയും ഉൾക്കൊള്ളുന്നതോടെ ഈ മേഖല കൂടുതൽ വളരുന്നു. അതിന് ഉതകുന്ന പദ്ധതി കളും, പരിപാടികളുമാണ് മിഷൻ മുന്നോട്ട് വയ്ക്കുന്നത്. എല്ലാവര്ക്കും ഏതെങ്കിലും വിധത്തിൽ മാറ്റത്തിന്റെ പ്രയോജനം ലഭിക്കണം. കായിക താരങ്ങൾക്ക് അവസരങ്ങളും, തൊഴിലും, സാമ്പത്തിക അഭിവൃദ്ധിയുംഎങ്കിൽ, സംഘാടകർക്ക് ജീവനോപാധിയും, ബിസിനസുമാകണം. ഉയരുന്ന ഡിമാൻഡ് ഉല്പാദകരെയും, വില്പനക്കാരെയും സഹായിക്കണം. സാധാരണക്കാർക്ക് വ്യായാമത്തിനും, ആരോഗ്യത്തിനും സഹായിക്കണം. കാണികൾക്ക് മാനസികോല്ലാസം നൽകണം. ലഹരിയിൽ അടിപ്പെട്ടവർക്ക് ലഹരിമുക്തരാകാൻ കഴിയണം. പ്രായമായവർക്ക് ശാരീരിക് മാനസിക സൗഖ്യം നൽകണം. അങ്ങനെ എല്ലാവര്ക്കും സ്പോർട്സ് അനുഭവവേദ്യവും, ഗുണകരവുമാകണം.

### 7.1.2. മാറ്റത്തിനായി സ്പോർട്സ്

സമൂഹത്തിൽ അർത്ഥവത്തായ മാറ്റത്തിനുള്ള ഉപാധിയായി സ്പോർട്സ് മാറണമെന്നതാണ് ഈ മിഷന്റെ മറ്റൊരു പ്രധാന കാഴ്ചപ്പാട്. എണ്ണമില്ലാത്തത്ര കായിക താരങ്ങളുടെ ജീവിതം ലോകമെമ്പാടും മാറാൻ സ്പോർട്സ് ഇടയാക്കിയത് ഓർക്കുക. അത് കേരളത്തിലും സംഭവിച്ചിട്ടുണ്ട്. സംഭവിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. അത് കൂടുതൽ വ്യാപകമാക്കണം. സ്പോർട്സ് ഇക്കോണമിയുടെ ഭാഗമായി മാറുകയും ഈ മേഖലയിലെ സാമ്പത്തിക പ്രവൃത്തികൾ വ്യാപകമാവുകയും ചെയ്യുമ്പോൾ അത് സാധ്യമാകും

## 7.2 സർക്കാരിന്റെ സാമ്പത്തിക ബാധ്യത കുറയുന്നു

പങ്കാളിത്തത്തിലൂടെ വിഭവ സമാഹരണമാണ് മിഷന്റെ ലക്ഷ്യം. അത് പ്രധാനമായും സ്വകാര്യ നിക്ഷേപത്തിലൂടെ കണ്ടെത്താൻ ലക്ഷ്യമിടുന്നു. സർക്കാർ നിക്ഷേപകർക്ക് ഏറ്റവും അനുയോജ്യമായ അന്തരീക്ഷവും, സാഹചര്യം ഒരുക്കിക്കൊടുക്കുന്നു. സർക്കാർ നിക്ഷേപം കുറച്ചു കൊണ്ടുവരികയാണ് ലക്ഷ്യം. പങ്കാളികൾക്ക് മികച്ച നേട്ടം ഉറപ്പാക്കുന്നതിലൂടെ അവരിൽ നിന്നുള്ള വിഭവ സമാഹരണം സാധ്യമാകുന്നു. കായിക രംഗത്തെ നിക്ഷേപം സ്വകാര്യ സംരംഭകർക്ക് നിർബന്ധമായും സാമ്പത്തിക നേട്ടം ഉണ്ടാക്കണം. എങ്കിലേ നിക്ഷേപം തുടർന്നും നടക്കൂ. അവർക്ക് ബ്രാൻഡിംഗ് അടക്കമുള്ള നേട്ടങ്ങളും ഉണ്ടാകണം.


എൻആർഐകളുടെ നിക്ഷേപവും പങ്കാളിത്തവും ഇതുപോലെ തന്നെ പ്രധാനമാണ്. പ്രൊഫഷണൽ ക്ലബുകൾ, റിക്രിയേഷൻ സ്പോർട്സ് ക്ലബ്ബ്കൾ, സ്പോർട്സ് ഹബുകൾ, കോംപ്ലക്സുകൾ, അരീനകൾ, ഡിജിറ്റൽ പ്ലാറ്റഫോമുകൾ, സ്റ്റാർട്ടപ്പുകൾ, കോച്ചിങ് സേവനങ്ങൾ, ഇവന്റുകൾ എന്നിവയിൽ എല്ലാം സ്വകാര്യ നിക്ഷേപം ക്ഷണിക്കണം. പലതിലും കൂടുതൽ പങ്കാളികൾ ഉൾക്കൊള്ളുന്ന പങ്കാളിത്ത മാതൃക ആകാം.

കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ ഡിപ്പാർട്മെന്റുകൾ, ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തവും വിഭവ സമാഹരണത്തിൽ പ്രധാനമാണ്. എല്ലാം നേരിട്ടുള്ള നിക്ഷേപം ആകണമെന്നുമില്ല. ഒരു ഡിപ്പാർട്ട്മെന്റ് ഒരു ടീം രൂപീകരിക്കാൻ തീരുമാനിച്ചാൽ അത് സ്ഥിരം, താൽക്കാലിക തൊഴിലുകൾ അടക്കം ഒരു സാമ്പത്തിക പ്രക്രിയ സൃഷ്ടിക്കും.

VIII

# സ്ട്രാറ്റജി- മുഖ്യ ഘടകങ്ങൾ

സ്പോർട്സ് ഇക്കോണമി വളർത്തിയെടുക്കുന്നതിനുള്ള 7 ഘടകങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത്. ഇവയെ സ്പോർട്സ് ഇക്കോണമി മിഷന്റെ നയ രേഖയുടെ 7 തൂണുകളായി കരുതാം. ഇതൊരു അടിസ്ഥാന കാര്യമാണ്. പദ്ധതികളും, പരിപാടികളും ആസൂത്രണം ചെയ്യുന്നത് മുഖ്യമായും ഇവയുടെ അടിസ്ഥാനത്തിൽ ആയിരിക്കും. വലിയൊരു മേഖ ലയായി ഇത് വളരണമെങ്കിൽ അടിസ്ഥാന സ്ട്രാറ്റജി പ്രധാനമാണ്. പങ്കാളിത്തം, സമന്വയം, സ്ഥിതി വിവര കണ ക്കുകൾ, സഹകരണം, മേഖലകളുടെ വിഭജനം, വ്യാവസായിക സമീപനം, സമ്പർക്കം എന്നിവയാണ് ഈ അടിസ്ഥാന ഘടകങ്ങൾ.




## 8.1. പങ്കാളിത്തം (Participation)

കൂടുതൽ പങ്കാളികൾ വരുന്നതോടെ വളർച്ചാ സാധ്യത കൂടും. സ്പോർട്സിൽ നേരിട്ട് പങ്കാളിത്തമുള്ള സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തം പോലും നിലവിൽ ഫലപ്രദമായി നടന്നിട്ടില്ല. സ്പോർട്സിലേക്ക് വരാൻ താല്പര്യം കാണിക്കുന്ന, വരുന്നതുകൊണ്ട് പരസ്പരം പ്രയോജനമുള്ള ഒട്ടേറെ സ്ഥാപനങ്ങളും, സംഘടനകളും ഉണ്ട്. അവയെ ഡിപിആറിൽ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഇവയുടെ വരവോടെ കാൻവാസ് വലുതാകും. സർക്കാർ മാത്രം എന്ന ധാരണ കുറയും, സർക്കാരിന്റെ ബാധ്യതയും. വിപുലമായ പങ്കാളിത്തത്തിലൂടെയല്ലാതെ വലിയ തോതിലുള്ള വളർച്ച സാധ്യമാകില്ല. വിഭവശേഷിയുടെ പങ്കുവയ്ക്കൽ മാത്രമാണ് വളർച്ചയുടെ വേഗത കൂട്ടുന്ന ഘടകം. ഓരോ പദ്ധതിയുടെയും, പരിപാടിയുടെയും സ്വഭാവമനുസരിച്ചു പങ്കാളിത്തം നിശ്ചയിക്കാം. മുഖ്യമായും കേന്ദ്ര, സംസ്ഥാന സർക്കാരുകൾ, അവയുടെ കീഴിലുള്ള ഏജൻസികൾ, ആഗോള കായിക സംഘടനകൾ, ആഗോള സംഘടനകൾ, വിവിധ രാജ്യങ്ങൾ, ലോകപ്രശസ്ത സ്പോർട്സ് ക്ലബ്ബുകൾ, അക്കാദമികൾ, ആഗോള സ്പോർട്സ് കമ്പനികൾ, മൾട്ടി നാഷനലുകൾ, കോർപ്പറേറ്റുകൾ, പൊതുമേഖലാ കമ്പനികൾ എന്നിവയൊക്കെ ഇങ്ങനെ കൂട്ടിയിണക്കാൻ സാധിക്കുന്നവയത്രെ.

## 8.2. സമന്വയം (Convergence)

സമന്വയം ആഗോള തലത്തിൽ തന്നെ ഒരു പ്രധാന ആശയവും, മാറ്റത്തിന്റെ ചാലക ശക്തിയുമായി മാറിയിരിക്കുന്നു. ഒട്ടും സാധ്യത ഇല്ലെന്നു തോന്നിയിരുന്നവ ഒരുമിച്ചു ചേർന്ന് അസാമാന്യ വിജയങ്ങൾ ഉണ്ടാക്കുന്നു. സാങ്കേതിക വിദ്യയിൽ, മാധ്യമലോകത്ത് ഒക്കെ അത്ഭുതങ്ങൾ സൃഷ്ടിക്കപ്പെടുന്നു. സ്പോർട്സ്, ആരോഗ്യമേഖലയുമായി സമന്വയിക്കപ്പെട്ടാൽ അത് വഴിത്തിരിവാണ്. മത്സരങ്ങൾ, മികവ്, വിജയം എന്നിയ്ക്കെല്ലാം അപ്പുറം കായിക പങ്കാളിത്തത്തിന്റെ അടിസ്ഥാന നേട്ടം ആരോഗ്യമുള്ള ഒരു സമൂഹത്തിന്റെ സൃഷ്ടിയാണ്. കായിക രംഗത്തിന് നൽകാൻ കഴിയുന്ന ഏറ്റവും വലിയ സംഭാവനകളും ആരോഗ്യ രംഗത്ത് തന്നെ. പ്രതിരോധശേഷി വർധന, ശാരീരിക ശേഷി ആർജിക്കൽ, ജീവിത ശൈലീ രോഗ പ്രതിരോധം തുടങ്ങിയ ഏറ്റവും മർമപ്രധാനമായ കാര്യങ്ങൾ മുതൽ വെൽനസ് വരെ അത് ബന്ധപ്പെട്ടു കിടക്കുന്നു.

സ്പോർട്സ് മെഡിസിൻ ആണ് വേറൊരു സാധ്യത. അലോപ്പതിക്കും, ആയുഷിനും കായിക രംഗത്തോട് ചേർന്ന് നിരവധി കാര്യങ്ങൾ ചെയ്യാൻ കഴിയും. വ്യക്തികൾക്കും, സർക്കാരുകൾക്കും രോഗങ്ങൾക്കായും, രോഗികൾക്കാണ് ചെലവാക്കുന്ന ഭീമമായ തുക ലാഭിക്കാം. രോഗം ഒഴിവാക്കുന്ന സാഹചര്യം സൃഷ്ടിക്കുക പ്രധാനമാണ്. മാനസിക, വൈകാരിക ആരോഗ്യവും ഇതിനൊപ്പം ചേർന്ന് വരും. മൊബൈൽ, ഇന്റർനെറ്റ് അഡിക്ഷൻ പോലുള്ള കാര്യങ്ങളെ നേരിടുന്നതിനും കായിക രംഗത്തേക്കാൾ പറ്റിയ മറ്റൊന്നില്ല. സന്തോഷവും, ആഹ്ലാദവും പകരാൻ കലക്കെന്നപോലെ കായിക രംഗത്തിനും വലിയ ശേഷി ഉണ്ട്. ഹെൽത്ത് സെഗ്മെന്റുമായി ചേർന്നാൽ കായിക രംഗത്തിന് ഭാവിയിൽ വലിയ സാധ്യതകളുണ്ട്. ടൂറിസം, കൾച്ചർ, സ്കിൽ ഡെവലപ്മെന്റ്, വിദ്യാഭ്യാസം, സോഷ്യോളജി, സ്റ്റാർട്ടപ്പ്, ബിസിനസ്, മാനേജ്മെന്റ്, സയൻസ്, ടെക്നോളജി, കൺസ്ട്രക്ഷൻ എന്നിങ്ങനെ പല മേഖലകൾക്കും കായികവുമായി ചേർന്ന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും.

ദ്രുതവും സുസ്ഥിരവുമായ വളർച്ചയ്ക്കായി വിവിധ വിഭാഗങ്ങളെയോ വകുപ്പുകളെയോ ബന്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. അത് തീർച്ചയായും വ്യാപ്തി വർദ്ധിപ്പിക്കും. ആരോഗ്യം അതിനൊരു ഉദാഹരണമാണ്. ഇപ്പോൾ ഇത് ആരോഗ്യത്തിന്റെ ഒരു ശാഖയാണ്, സ്വതന്ത്രമായി നിലകൊള്ളുന്നില്ല. അത് കായിക, ശാരീരിക പ്രവർത്തനങ്ങളുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നു. ആഗോളതലത്തിൽ വെൽനസ് വ്യവസായം കുതിച്ചുയരുകയാണ്. ദിനംപ്രതി കൂടുതൽ ഉൽപ്പന്നങ്ങളും സേവനങ്ങളും സെഗ്മെന്റിന് കീഴിൽ ചേർക്കുന്നു.

## 8.3. മേഖലകളായി തിരിച്ചുള്ള സമീപനം(Segmentation)

പെൺകുട്ടികളുടെ പങ്കാളിത്തം ഇപ്പോഴും കായിക രംഗത്ത് കുറവായി കാണുന്നു. പ്രായമായവരുടെ പങ്കാളിത്തവും കുറഞ്ഞു കാണുന്നു. കുടുംബം ഒരുമിച്ചു കായിക വ്യായാമങ്ങളിൽ ഏർപ്പെടുന്നതും കുറവാണ്.

കുഞ്ഞുങ്ങളുടെ പങ്കാളിത്തം കൂടി വരുന്നു. പ്രൊഫഷണൽ സ്പോർട്സ്, റീക്രിയേഷണൽ സ്പോർട്സ്, കമ്മ്യൂണിറ്റി സ്പോർട്സ്, ഹോം സ്പോർട്സ്, സ്കൂൾ കോളേജ് സ്പോർട്സ്, ഇന്സ്ടിട്യൂഷണൽ സ്പോർട്സ് (തൊഴിലിടങ്ങളിൽ) എന്നിങ്ങനെ ഉപ വിഭാഗങ്ങളായി തിരിച്ചു അഭിസംബോധന ചെയ്യുമ്പോഴേ ഓരോ വിഭാഗത്തിലെയും സാധ്യതകളും പരിമിതികളും കണ്ടെത്താൻ കഴിയൂ.

ഹോം സ്പോർട്സ്, കമ്മ്യൂണിറ്റി സ്പോർട്സ്, ഇന്സ്ടിട്യൂഷണൽ സ്പോർട്സ് എന്നിവ വലിയ സാദ്ധ്യതകൾ അവശേഷിപ്പിക്കുന്നു. ഇവ കായിക രംഗത്ത് പ്രതിഭകളെ വാർത്തെടുക്കാനല്ല, മറിച്ചു വ്യക്തികളുടെ ശാരീരിക, മാനസിക ഉല്ലാസത്തിനും, വികസനത്തിനും വേണ്ടിയുള്ളതാണ്. ഹോം സ്പോർട്സ് പോലുള്ള സങ്കല്പങ്ങൾ ലോകത്തിൽ തന്നെ വളരെ ശൈശവ ദശയിലാണ്. ഓരോ മേഖലക്കും തനത് സംഭാവനകൾ നൽകാൻ ശേഷിയുണ്ട്.

## 8.4. സ്ഥിതിവിവരക്കണക്കുകൾ ( Data, Statistics & Quantification)

കൃത്യമായ സ്ഥിതി വിവര കണക്കുകൾ നിലവിൽ സ്പോർട്സ് മേഖലയിൽ ഇല്ല. അനുബന്ധമായി പരിഗണിക്കുന്ന മേഖലകളിലും ഇല്ല. ഏറ്റവും സൂക്ഷ്മമായ ഈ ഡാറ്റ ഒരു മേഖലയുടെ വളർച്ചക്ക് അനിവാര്യം. പദ്ധതികൾ ആസൂത്രണം ചെയ്യാനും, വളർച്ചാ ലക്ഷ്യങ്ങൾ നിശ്ചയിക്കാനും ഇത് കൂടിയേ തീരൂ. കണക്കുകളിലേക്കും, ഡാറ്റയിലേക്കും വരുന്നതോടെ സമീപനം കൂടുതൽ വ്യക്തവും, കൃത്യവും, സൂക്ഷ്മവുമാകും. സ്പോർട്സ് ഇക്കോണമി മിഷന്റെ പ്രധാന ദൗത്യങ്ങളിലൊന്നാണ് ഇത്. സ്പോർട്സ് ഒരു സ്വതന്ത്ര മേഖലയായി ഇക്കോണമിയിലേക്ക്/ ജിഡിപിയിലേക്ക് സംഭാവന ചെയ്യുന്നു എന്നാണല്ലോ ആശയം. നിലവിലുള്ള ഉത്പാദനം, സേവനങ്ങൾ, ഇവന്റുകൾ, സംഘാടനം, തൊഴിൽ ഒക്കെ ഡാറ്റാ ആയി മാറും. ഇങ്ങനെ ശേഖരിക്കുന്ന ഇൻപുട്ടുകളിൽ നിന്നാണ് സ്പോർട്സ് വ്യവസായത്തിന്റെ വലുപ്പം നിശ്ചയിക്കുക. സാമ്പത്തികേതര ഫലങ്ങൾ തന്നെ ഇത്തരം അളവ്, ഡാറ്റ, കണക്കുകൾ, ഇന്ഡക്സ് എന്നിവയിലേക്ക് കൊണ്ടുവരാൻ കഴിയുമോ എന്ന ശ്രമവും ഇക്കോണമി മിഷൻ നടത്തുന്നു. ആരോഗ്യത്തിലെ കായിക രംഗത്തിന്റെ സംഭാവന ഇങ്ങനെ കണ്ടെത്താൻ ശ്രമിക്കുന്നു. സ്കിൽ ഡെവലപ്മെന്റിൽ എന്ത് സംഭാവന നൽകി എന്ന് കണ്ടെത്താൻ കായിക ശേഷി മുഖ്യ പരിഗണനയായിട്ടുള്ള തൊഴിലുകളിൽ ഒരു വർഷത്തെ റിക്രൂട്ട്മെന്റ് കണക്കുകൾ നോക്കിയാൽ മതി. അത് വർധിപ്പിക്കാൻ അടുത്ത വർഷത്തേക്ക് ടാർഗെറ്റുകൾ വയ്ക്കാം.

## 8.5. സഹകരണം (Collaborations)

ഒരു മേഖലയുടെയും വളർച്ച അതിൽ തന്നെ പൂർണമാകില്ല. മറ്റ് മേഖലകളുമായുള്ള സഹകരണം അത്യന്താപേക്ഷിതമാണ്. സാങ്കേതിക വിദ്യകളുടെ വളർച്ചാ കാലത്ത് പ്രത്യേകിച്ചും. ഓരോ പദ്ധതികളുടെയും സ്വഭാവമനുസരിച്ചുള്ള സഹകരണം തേടുകയാണ് മുഖ്യം. അത് വ്യക്തികളോ, സ്ഥാപനങ്ങളോ ഒക്കെ ആകാം. മാനേജ്മെന്റ് സ്ഥാപനങ്ങൾ, എൻജിനിയറിങ് സ്ഥാപനങ്ങൾ, മാനേജ്മെന്റ്, എൻജിനിയറിങ് വിദഗ്ധർ, അനലിസ്റ്റുകൾ, മീഡിയ എക്സ്പെർട്സ്, മാർക്കറ്റിങ്, ബ്രാൻഡിംഗ് വിദഗ്ധർ എന്നിവരുടെയൊക്കെ സഹകരണം സ്പോർട്സിന്റെ വളർച്ചക്ക് പ്രധാനമാണ്.

ഒരു പുതിയ ലീഗ് വികസിപ്പിക്കുകയാണെന്നിരിക്കട്ടെ. ഒരു അസോസിയേഷനായിരിക്കുമല്ലോ അതിന് നേതൃത്വം കൊടുക്കുന്നത്. അസോസിയേഷന് സ്വന്തമായി അത് വികസിപ്പിച്ചെടുക്കാൻ പരിമിതികളുണ്ട്. മാനേജ്മെന്റ് കൺസൾട്ടൻസി, ഫിനാൻഷ്യൽ അനലിസ്റ്റ്, മാനേജ്മെന്റ് എക്സ്പെർട്സ്, ബ്രോഡ്കാസ്റ്റർസ്, ബ്രാൻഡിംഗ്, മാർക്കറ്റിങ് വിദഗ്ധർ, മാർക്കറ്റ് റിസർച് & ഫീൽഡ് സ്റ്റഡി സ്പെഷ്യലിസ്റ്സ് തുടങ്ങിയവയുടെ സേവനം ലഭിച്ചാൽ ശ്രദ്ധേയ ആഗോള, ദേശിയ ലീഗുകളുടെ സ്വഭാവത്തിൽ ഇത് വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞേക്കും.

## 8.6. സമ്പർക്കം (Exposure)

പിടി ഉഷക്ക് വിദേശ കോച്ചുകളുടെയും, വിദേശ പരിശീലന സംവിധാനങ്ങളുടെയും പിന്തുണ ലഭിച്ചിരുന്നെങ്കിൽ ഒളിമ്പിക് സ്വർണം സംശയ രഹിതമായിരുന്നു എന്ന് പല വിദഗ്ധരും അഭിപ്രായപ്പെട്ടിട്ടുണ്ട്. . ടോക്കിയോ ഒളിമ്പിക്സിലെ ഇന്ത്യയുടെ മുന്നേറ്റത്തിൽ ഇത്തരം പരിശീലനത്തിന്റെ പങ്ക് വ്യക്തമാണ്. ഐഎസ്എലിൽ കളി മാറിയത് വിദേശ താരങ്ങളുടെയും, കൊച്ചുകളുടെയും വരവോടെയാണ്. അവർക്കൊപ്പം കളിക്കുകയും, ഇടപെഴുകുകയും ചെയ്തപ്പോൾ ഇന്ത്യൻ കളിക്കാരുടെ സമീപനവും, കളിയും ഏറെ മെച്ചപ്പെട്ടു.

ഇന്ത്യൻ കായികരംഗത്തിന് ഇപ്പോഴുള്ള വലിയ പരിമിതി മികച്ച വിദേശ സമ്പർക്കമാണ്. ഹോക്കി ഇന്ത്യ തുടർച്ചയായി മെച്ചപ്പെടുന്നത് നിരന്തര ഫോറിൻ ടൂറുകളിലൂടെയും മത്സരങ്ങളിലൂടെയുമാണ്. വിദേശ പരിശീലനത്തിന് നമ്മുടെ താരങ്ങൾക്ക് അവസരം ഉണ്ടാകണം. മികച്ച വിദേശ പരിശീലകരെ ഇന്ത്യയിലേക്ക് എത്തിക്കണം. കേരള ക്രിക്കറ്റിന്റെ തലവര മാറ്റിയത് ഡേവ് വാട്മോർ എന്ന പരിശീലകൻ ആയിരുന്നു.

നെഹ്റു കപ്പ് പോലുള്ള അന്താരാഷ്ട്ര മത്സരങ്ങൾ തിരിച്ചു വന്നാൽ ഇന്ത്യൻ താരങ്ങൾക്ക് സമ്പർക്ക വളർച്ചാ സാദ്ധ്യതകൾ വർധിക്കും.

## 8.7. വ്യാവസായിക സമീപനം (Industry Approach)

സ്പോർട്സിനെ ആത്യന്തികമായി ഒരു ബിസിനസായി കാണണം. അത് ലാഭകരമാകുമ്പോൾ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ കഴിയും. സർക്കാർ നികുതിയിൽ നിന്നും സ്പോർട്സിനായി ചെലവഴിക്കുന്ന ഭീമമായ തുക തിരിച്ചു വരുന്നില്ല. ചെലവിന്റെ പട്ടികയിൽ മാത്രമായി അത് ചുരുങ്ങുന്നു.

ഇന്റർനാഷണൽ ഒളിമ്പിക് അസോസിയേഷനും, ഫിഫയും ഏറെക്കാലം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നു. സ്പോർട്സിനെ ബിസിനസായി കാണുകയും, സാദ്ധ്യതകൾ പഠിക്കുകയും, മാനേജ്മെന്റ് വൈദഗ്ധ്യം പ്രയോജനപ്പെടുത്തുകയും, ലാഭം ഉണ്ടാക്കുകയും ചെയ്തതോടെ ഈ സംഘടനകൾക്ക് കൂടുതൽ ഫലപ്രദമായി കായിക മേഖലക്കായി സംഭാവന നൽകാൻ കഴിഞ്ഞു.

ബിസിസിഐ മറ്റൊരു മികച്ച ഉദാഹരണമാണ്. ക്രിക്കറ്റ് ബ്രോഡ്കാസ്റ്റ്, ഐപിഎൽ എന്നീ പ്രധാന സ്രോതസുകളിലൂടെ വലിയ വരുമാനം അവർ സൃഷ്ടിക്കുന്നു. കളിക്കാർക്ക്, പരിശീലകർക്ക്, ഓഫീഷ്യലുകൾക്ക്, അക്കാദമികൾക്ക്, അടിസ്ഥാന സൗകര്യങ്ങൾക്ക് ഒക്കെ മികച്ച രീതിയിൽ ചെലവഴിക്കാൻ അവർക്ക് കഴിയുന്നു. മുൻ താരങ്ങൾ ഒക്കെ ഇതിന്റെ ഗുണഭോക്താക്കളാണ്. കേരളത്തിൽ തന്നെ മികച്ച നിരവധി സ്റ്റേഡിയങ്ങൾ, അക്കാദമികൾ, തുടർച്ചയായി മത്സരങ്ങൾ എന്നിവ ദേശിയ അസോസിയേഷൻ വിഹിതത്തിൽ നടക്കുന്നു. വ്യാവസായിക സമീപനം കേരള സ്പോർട്സ് ഇക്കോണമി മിഷന്റെ ഒരു പ്രധാന സമീപനമാണ്

IX

## നേട്ടം *(സ്വാധീന ശേഷി)*
## *ബഹുമുഖം*

സ്പോർട്സ് ഇക്കോണമിക്ക് നാനാമുഖ സ്വാധീനം സംസ്ഥാനത്ത് ചെലുത്താൻ കഴിയും. നേരിട്ടുള്ള അതിന്റെ ലക്ഷ്യം സമ്പദ്ഘടനയിൽ സംഭാവന ചെയ്യുക എന്നതാണ്. ഒട്ടേറെ വരുമാന സ്രോതസുകളിലൂടെ സേവനങ്ങളായും, ഉല്പന്നങ്ങളായും അത് ജിഡിപിയുടെ ഭാഗമായി മാറുന്നു. നേരിട്ടും അല്ലാതെയും തൊഴിൽ സൃഷ്ടിക്കുന്നു. തൊഴിൽ ദിനങ്ങൾ ഇൻപുട്ടായി ജിഡിപിയിൽ തന്നെ എത്തുന്നു. ആരോഗ്യം(ശാരീരിക, മാനസിക, വൈകാരിക, സൗഖ്യ), സാംസ്കാരികം , ടൂറിസം, സ്കിൽ ഡെവലപ്മെന്റ്, സോഷ്യോളജി എന്നിവയിൽ വലിയ സ്വാധീന ശേഷി കായിക രംഗത്തിനുണ്ട്. സ്വാധീന ശേഷിക്കൊപ്പം അവസരങ്ങൾ, സൂചികകൾ, പരോക്ഷ സ്വാധീനം എന്നിവ കൂടി പരിഗണിക്കപ്പെടേണ്ടതുണ്ട്

**സ്വാധീനം**

- ➢ സാമ്പത്തികം
- ➢ സാമൂഹ്യം
- ➢ ആരോഗ്യം

**അവസരങ്ങൾ**

- ➢ കായികം
- ➢ സ്പോർട്സ് ക്വാട്ട
- ➢ തൊഴിൽ ശേഷി
- ➢ നൈപുണ്യം

**സൂചികകൾ**

- ➢ ജിഡിപി ഉൽപ്പന്നങ്ങളും സേവനങ്ങളും
- ➢ ആരോഗ്യം
- ➢ സന്തോഷം
- ➢ വെൽനസ്

**അനുബന്ധം**

- ➢ മനഃശാസ്ത്രം
- ➢ വൈകാരികം
- ➢ ശാരീരിക ശേഷി
- ➢ പ്രതിരോധ ശേഷി
- ➢ പെരുമാറ്റം
- ➢ വ്യക്തിത്വം
- ➢ ശീലങ്ങൾ
- ➢ മനോഭാവം

കേവലം ഉല്പന്നങ്ങളുടെയും വിൽപ്പനയുടെയും കണക്കുകൾ കൊണ്ട് സ്പോർട്സ് എക്കണോമിയുടെ വിശാലമായ സാധ്യതകളെ പരിമിതപ്പെടുത്താൻ നമുക്ക് കഴിയില്ല. ആത്യന്തിക ലക്ഷ്യം തികച്ചും സമഗ്രവും വിപുലവുമായിരിക്കണം, അതായത് പൊതുവെ സാധാരണക്കാരന്റെ ചികിത്സാ ചെലവുകൾ കുറയ്ക്കുക, പ്രത്യേകിച്ച് ഭാവിയിൽ ഗവൺമെന്റ് ചെലവഴിക്കുന്ന ആരോഗ്യ സംരക്ഷണം വെട്ടിക്കുറക്കുക. ജനങ്ങളുടെയും സമൂഹത്തിന്റെയും നല്ല ആരോഗ്യം നിലനിർത്തുക എന്നതായിരിക്കണം ദൗത്യത്തിന്റെ ആത്യന്തിക ലക്ഷ്യം.

ക്ളാസ്സിക് ഇക്കണോമിക്സിന്റെ സിദ്ധാന്ത പരിധിക്കുള്ളിൽ മാത്രം നിറുത്തി അളന്നു തിട്ടപ്പെടുത്താവുന്നതിന് അപ്പുറത്തുള്ള വിശാല സാദ്ധ്യതകൾ അവശേഷിപ്പിക്കുന്നതാണ് സ്പോർട്സ് മേഖല. ആരോഗ്യ രംഗത്തെ ഫലപ്രദമായ സങ്കലനം ആരോഗ്യ ബജറ്റ് കുറയ്ക്കും എന്നത് സംശയരഹിതമാണ്. കായിക വ്യായാമങ്ങൾ ദൈനംദിനം നടത്തുന്നവരെ ഉൾപ്പെടുത്തി ക്ലസ്റ്ററുകളാക്കി പഠിച്ചാൽ ഈ ഫലം അളന്നു തിട്ടപ്പെടുത്താൻ കഴിയും. ശാസ്ത്രീയമായി ഇത് ചെയ്യുന്നവരുടെ മൊത്തം ശതമാനം ഇപ്പോൾ കുറവായിരിക്കും. അത് തുടർച്ചയായ ഇടപെടലുകളിലൂടെയും, പ്രചാരണങ്ങളിലൂടെയും, പ്രോഗ്രാമുകളിലൂടെയും കൂട്ടിക്കൊണ്ടുവരാൻ കഴിയും. സ്കൂളുകളിൽ കായിക പരിശീലനവും, വ്യായാമങ്ങളും, കായിക മത്സരങ്ങളും ദിനചര്യയുടെ ഭാഗമാക്കിയാൽ പുതു തലമുറയുടെ സ്വയം പ്രതിരോധ ശേഷി വർദ്ധിപ്പിക്കാം, അമിത വണ്ണം കുറയ്ക്കാം, ജീവിത ശൈലീ രോഗങ്ങളെ നിയന്ത്രിക്കാം, മാനസികോല്ലാസം നൽകാം, ഡിജിറ്റൽ അഡിക്ഷൻ കുറയ്ക്കാം, ലഹരി ഉപയോഗം ഇല്ലാതാക്കാം, വൈകാരിക ശേഷി ഉയർത്താം, സ്പോർട്സ്മാൻസ്പിരിറ്റ് വളർത്താം, കായിക ശേഷി (സ്കിൽ) വളർത്താം, തൊഴിൽപര്യാപ്തമാക്കാം; കൂടുതൽ മികവ് കാട്ടുന്നവർക്ക് കായിക രംഗത്ത് തന്നെ മികവിലേക്ക് മുന്നേറാം. സ്പോർട്സ് ഇക്കോണമിയിലൂടെ അടിസ്ഥാനപരമായി ഒരു കായിക സംസ്കാരം രൂപപ്പെടുത്തി എടുക്കുകയാണ് ചെയ്യുന്നത്. സ്പോർട്സിലുള്ള നിക്ഷേപം ഒരു ദീർഘകാല നിക്ഷേപമായി തന്നെ കാണണം. പെട്ടെന്നുള്ള ചില ഫലങ്ങൾ അത് പുറപ്പെടുവിക്കാതിരിക്കില്ല. പക്ഷെ അതിനേക്കാൾ സമൂഹത്തിൽ കൂടുതൽ സ്വാധീനശക്തിയുള്ള ഫലങ്ങൾ ഒരു സംസ്കാരമായി അത് പടരുന്നതിലൂടെയേ സാധ്യമാകൂ.


X

# തയ്യാറെടുപ്പിന്റെ ഭാഗമായുള്ള പരിപാടികൾ

സ്പോർട്സ് ഇക്കോണമി മിഷന്റെ വിശദ പദ്ധതി രേഖയിൽ സമഗ്രമായ ഒരു പഠനത്തിന് ശ്രമിച്ചിട്ടുണ്ട്. കായിക ശക്തി രാജ്യങ്ങളുമായുള്ള താരതമ്യ പഠനവും നടത്തിയിട്ടുണ്ട്. ലോകത്തെയും, ഇന്ത്യയിലെയും വിജയ മാതൃകകളെ പഠന വിധേയമാക്കിയിട്ടുമുണ്ട്. എങ്കിലും ധാരാളം പരിമിതികൾ ഉണ്ടാകാം. അത് പരിഹരിക്കാനാണ് സ്പോർട്സ് കോൺക്ലേവ്, സ്പോർട്സ് ഹാക്കത്തോൺ എന്നിവ ശുപാർശ ചെയ്തിരിക്കുന്നത്. ഇത് പല തലങ്ങളിലും, പല ഘട്ടങ്ങളിലുമായി നടത്താം. കൂടുതൽ മെച്ചപ്പെട്ട ആശയങ്ങൾ, അവബോധം, ഉൾക്കാഴ്ച എന്നിവയാണ് ലക്ഷ്യം. സമീപനം കൂടുതൽ മെച്ചപ്പെടുത്താൻ ഇത് സഹായിക്കും. ആവശ്യമായ ഭേദഗതികൾ കാലാനുഗതമായി നടത്താനും കഴിയും.

## 10.1 കോൺക്ലേവ്

സംസ്ഥാനം സ്പോർട്സിൽ ഒരു പരിവർത്തനത്തിന് തയ്യാറെടുക്കുന്നു എന്ന പ്രതീതി ജനിപ്പിക്കാൻ ഉതകുന്ന രണ്ടോ മൂന്നോ ദിവസം നീണ്ടു നിൽക്കുന്ന ഒരു പരിപാടി സംസ്ഥാന തലത്തിൽ ആദ്യം സംഘടിപ്പിക്കുന്നു. കായിക രംഗത്ത് സാർത്ഥകമായ സംഭാവനകൾ നൽകാൻ കഴിയുന്ന എല്ലാവരെയും വിവിധ തീമുകളിലായി പങ്കെടുപ്പിക്കാം. അന്തർദേശിയ, ദേശിയ പങ്കാളിത്തം ഉറപ്പാക്കാം. ആശയങ്ങൾ നൽകുന്നവരെ മാത്രമല്ല, സ്വാധീന ശേഷിയുള്ളവരെയും, പങ്കാളിത്ത പരിധിയിൽ വരുന്നവരെയും ഇതിന്റെ ഭാഗമാക്കണം. ആദ്യം സംസ്ഥാന തലത്തിലും പിന്നീട ജില്ലാ തലങ്ങളിലും തുടർന്ന് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവിടങ്ങളിലും സംഘടിപ്പിക്കാൻ കഴിയണം. ഇത് ഹൈബ്രിഡ് സ്വഭാവത്തിൽ ഓൺലൈൻ, ഓഫ്ലൈൻ ഇവന്റ് ആയാൽ മികച്ച പങ്കാളിത്തം ഉറപ്പാക്കാം.




## 10.2 ഹാക്കത്തോൺ

പുതിയ ആശങ്ങൾക്കുള്ള ഒരു വലിയ വേദിയാക്കി മാറ്റണം സ്പോർട്സ് ഹാക്കത്തോൺ. സ്പോർട്സ് സ്റ്റാർട്ടപ്പ് രംഗത്തേക്കുള്ള ഒരു കാൽവയ്പ് കൂടിയാകും ഇത്. സ്റ്റാർട്ടപ് ആശയങ്ങൾ മാത്രമല്ല പോളിസി, ഗവേണൻസ് എന്നിവയിലും മികച്ച ഇൻപുട്ടുകൾ സ്വീകരിക്കാം. മുഖ്യമായും ഓൺലൈനിലും, അവസാന ഇവന്റ് ഓൺലൈൻ- ഓഫ്ലൈൻ ആയും ചെയ്യാവുന്നതാണ്. കേരള സ്പോർട്സിൽ പലപ്പോഴും കീറാമുട്ടികളായി കാണുന്ന പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം കണ്ടെത്താൻ ഉള്ള ശ്രമമായിരിക്കണം ഹാക്കത്തോൺ. വടംവലിയിൽ (Tug of War), സെവൻസ് (Seven a side Football) എങ്ങനെ പ്രൊഫഷണൽ ലീഗ് കൊണ്ടുവരാം? വോളിബോളിൽ ഒളിമ്പിക്സ് താരങ്ങളെ വാർത്തെടുക്കാൻ എന്ത് ചെയ്യണം? തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിക്കപ്പെടണം. പ്രശ്നങ്ങൾ കണ്ടെത്തി സാങ്കേതിക വിദ്യകളുടെ സഹായത്തോടെ പരിഹാരം നിർദേശിക്കുവാനും അവയുടെ പ്രോട്ടോ ടൈപ്പ് അവതരിപ്പിക്കാനും അവസരം ഉണ്ടാകണം. ഇതിൽ മികച്ചവക്ക് സീഡ് ഫണ്ടിംഗ് ലഭ്യമാക്കണം, വളർന്ന് വരുന്ന മുറയ്ക്ക് വിസി ഫണ്ടിങ്ങിനുള്ള സാധ്യതയും ഓഫർ ചെയ്യണം.

## 10.3 നിക്ഷേപ സംഗമങ്ങൾ

കേരളം സ്പോർട്സ് ഇക്കോണമിയിലേക്ക് കടക്കുന്നെന്നും, സ്വകാര്യ നിക്ഷേപം വ്യാപകമായി ക്ഷണിക്കുന്നെന്നും ശക്തമായ പ്രതീതി ജനിപ്പിക്കാൻ സഹായിക്കുന്നവ ആകണം ഇൻവെസ്റ്റർ മീറ്റുകൾ. ഇത് കേരളത്തിൽ ഒരു പ്രധാന മീറ്റും, മെട്രോകളിൽ അനുബന്ധ മീറ്റുകളും ആകാം. ബാംഗ്ലൂർ, ചെന്നൈ, മുംബൈ, ഡൽഹി, ദുബായ്, ഖത്തർ, സൗദി, യുകെ, കാനഡ, യുഎസ് എന്നിവിടങ്ങളിലും ഈ മീറ്റുകൾ ആസൂത്രണം ചെയ്യാം.

കേരളത്തിൽ ഒരു പ്രധാന മീറ്റും, മെട്രോകളിൽ അനുബന്ധ മീറ്റുകളും ആകാം. ബാംഗ്ലൂർ, ചെന്നൈ, മുംബൈ, ഡൽഹി, ദുബായ്, ഖത്തർ, സൗദി, യുകെ, കാനഡ, യുഎസ് എന്നിവിടങ്ങളിലും ഈ മീറ്റുകൾ ആസൂത്രണം ചെയ്യാം. പലതും ഓൺലൈൻ ആയും ചെയ്യാം. സിഐഐ/ കെഎംഎ തുടങ്ങി മികച്ച ഏതെങ്കിലും വ്യവസായ സംഘടനയുടെ പങ്കാളിത്തം അനിവാര്യമാണ്. ഐഐഎംകെ പോലുള്ള ഒരു മാനേജ്മെന്റ് സ്ഥാപനത്തിന്റെ സഹകരണത്തോടെ വേണം ഇൻവെസ്റ്റ്മെന്റ് ഓഫറുകൾ തയ്യാറാക്കാൻ. നിക്ഷേപകർക്കുള്ള അവസരങ്ങളും, സാധ്യതകളും, ആനുകൂല്യങ്ങളും, നേട്ടങ്ങളും ശക്തമായി പ്രൊജക്റ്റ് ചെയ്യപ്പെടണം. കൃത്യമായി തയ്യാറാക്കിയ ഒരു പദ്ധതിയുടെ അടിസ്ഥാനത്തിൽ ആയിരിക്കണം ഇത്.

### 10.4. കൂടിക്കാഴ്ചകൾ (One to One Meets)

സമന്വയം, സഹകരണം, പങ്കാളിത്തം എന്നിവയ്ക്കായി ബന്ധപ്പെട്ട വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരുമായി തുടർച്ചയായ കൂടിക്കാഴ്ചകൾ ആവശ്യമുണ്ട്. വ്യക്തമായ പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ വേണം ഈ മീറ്റ്അപ്പുകൾ. മാനേജ്മെന്റ് കൺസൾട്ടൻസി സേവനം ഇതിന് പ്രയോജനപ്പെടുത്താം. മിഷൻ, സ്ട്രാറ്റജി, റോഡ്മാപ്പ്, പ്രോജക്ട്, സ്കീം, പ്രോഗ്രാം എന്നിവ പരിഗണിച്ചു മുൻഗണനാ ക്രമത്തിൽ ഇത്തരം കൂടിയാലോചനകളിലേക്ക് കടക്കാം.

### 10.5. പ്രചാരണം

ഒരു മിഷൻ അവതരിപ്പിക്കുമ്പോൾ അതിനുള്ള നിലമൊരുക്കൽ അത്യാവശ്യമാണ്. ഇക്കോണമി മിഷൻ, സാമ്പത്തിക മാനദണ്ഡങ്ങൾ നിശ്ചയിക്കുക എന്നതിനേക്കാൾ ഒരു സംസ്കാരം രൂപപ്പെടുത്തിയെടുക്കാനുള്ള അടിത്തറ ഉണ്ടാക്കുകയാണ് ചെയ്യുന്നത്.

പ്രചാരണം പ്രധാനമാകുന്നത് ഈ സാഹചര്യത്തിലാണ്. രണ്ട് മുഖ്യ ക്യാമ്പയിനുകളാണ് വിഭാവന ചെയ്യുന്നത്.

1. Sports for All- എല്ലാ വിഭാഗക്കാരെയും കായികരംഗത്തേക്ക് ആകർഷിക്കാനുള്ള പ്രചാരണം.

2. Sports for Change- പുതു തലമുറയെ പ്രചോദിപ്പിക്കാൻ മുൻ തലമുറയുടെ കായിക രംഗം വഴിയുള്ള പരിവർത്തനത്തിന്റെ കഥകൾ.

ഫിറ്റ്നസ് ചലഞ്ച് പോലുള്ള ഇന്ററാക്ടിവ് ക്യാമ്പയിൻ

### 10.6. മീഡിയ കമ്മ്യൂണിക്കേഷൻ

മാധ്യമങ്ങൾക്ക് ഈ പുതിയ മുൻകൈ സംബന്ധിച്ചു വ്യക്തമായ ധാരണ ഇത് പ്രഖ്യാപിക്കും മുൻപേ നൽകണം. വിശദമായ വാർത്തകൾ തയ്യാറാക്കാൻ പറ്റും വിധമുള്ള മീഡിയ കിറ്റുകളും നൽകണം. മാധ്യമ പ്രവർത്തകരുടെ, പ്രത്യേകിച്ച് സ്പോർട്സ് കൈകാര്യം ചെയ്യുന്നവരുടെ (റിട്ടയർ ചെയ്തവർ അടക്കം) മീറ്റപ്പ്, അവരിൽ നിന്നുള്ള ആശയ രൂപീകരണം എന്നിവയും ശുപാർശ ചെയ്യുന്നു. മിഷനുമായി ബന്ധപ്പെട്ട മീഡിയ റിലീസുകൾക്ക് ഒരേ സ്വഭാവം ഉണ്ടായിരിക്കുന്നത് നല്ലതാണ്.

# XI

# ഫീൽഡ് സർവേ, മാപ്പിംഗ്, ഡാറ്റ ശേഖരണം

## 11.1 ഭൂമിശാസ്ത്രപരമായ മാപ്പിംഗ്, സർവേ, ഡാറ്റ മൈനിംഗ്

കേരളത്തിലെ സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ പരിമിതമാണ്. സെക്കണ്ടറി ഡാറ്റക്ക് സ്വാഭാവികമായും പരിമിതികളുണ്ട്. വിശദമായ ഫീൽഡ് സർവേയും മാപ്പിങ്ങും അനിവാര്യമാണ്. സ്പോർട്സ് ഇക്കോണമി വിഭാവന ചെയ്യുന്ന എല്ലാ ഘടകങ്ങളെയും അഭിസംബോധന ചെയ്യുന്നതാകണം ഇത്. താഴെത്തട്ടിൽ (പഞ്ചായത്ത് അടിസ്ഥാനത്തിൽ) തന്നെ ഇത് ചെയ്യണം. അടിസ്ഥാന സൗകര്യങ്ങൾ മുതൽ സ്പോർട്സ് ഉത്പന്ന വിപണന വിവരങ്ങൾ വരെ ശേഖരിക്കപ്പെടണം. ഓരോ പഞ്ചായത്തിലെയും കായിക പശ്ചാത്തലവും ഇതിന്റെ പരിധിയിൽ വരണം. ഏതൊക്കെ മേഖലകൾ ഡാറ്റ ശേഖരത്തിൽ വരണമെന്ന വിശദാംശങ്ങൾ ഡിപിആറിൽ നൽകിയിട്ടുണ്ട്. ആരോഗ്യം, സ്കിൽ, എംപ്ലോയബിലിറ്റി തുടങ്ങിയ ഘടകങ്ങളും അനുബന്ധ വിവര ശേഖരണത്തിൽ വരും. അനുബന്ധ മേഖലകളിലെ ഇമ്പാക്ട് മനസിലാകുന്നതിന് ചില സാമ്പിൾ കേസ് സ്റ്റഡികൾ കൂടി നടത്താൻ ഇതിൽ ശുപാർശ ചെയ്യുന്നു.

### 11.1.1. പ്രസക്തി

ഇത്തരമൊരു വിവര ശേഖരം സ്പോർട്സിന്റെ നിലവിലുള്ള വലുപ്പവും, സമ്പദ്ഘടനയിൽ സംഭാവനയും എത്രയെന്ന് കൂടുതൽ സൂക്ഷ്മമായി കണ്ടെത്താൻ സഹായിക്കുന്നു. ഇത് പദ്ധതി ആസൂത്രണത്തിൽ അതിപ്രധാനമാണ്. കൂടുതൽ ഊന്നൽ കൊടുക്കേണ്ടവ ഏതൊക്ക, സാധ്യതാ മേഖലകൾ ഏതെല്ലാം എന്നൊക്കെ കണ്ടെത്താൻ ഇത് കൂടിയേ കഴിയൂ. ഒരു ശക്തി, ദൗർബല്യം, സാധ്യത, വെല്ലുവിളി (SWOT Analysis) ന് ഇത് സഹായിക്കും

### 11.1.2. കേവല വിവര ശേഖരത്തിനപ്പുറം

സംസ്ഥാനത്തിന്റെ കായിക രംഗത്തിന്റെ ഒരു സമഗ്ര ചിത്രം അനുബന്ധ മേഖലകളോട് ചേർത്ത് നൽകാൻ ഈ പഠനത്തിന് കഴിയണം. ഓരോ മേഖലയിലെയും ചരിത, സാമൂഹ്യ, സാംസ്കാരിക പശ്ചാത്തലം കായിക ബന്ധിതമായി ലഭിക്കണം. പ്രത്യേകതകൾ മനസിലാക്കാൻ കഴിയണം. പദ്ധതി ആസൂത്രണം, വിതരണം, ആവശ്യകത മനസിലാക്കൽ എന്നിവയ്ക്ക് ഇത് ഗുണകരമാകും.

## 11.2 ആശയത്തിൽ നിന്നും ലക്ഷ്യത്തിലേക്ക്

സ്പോർട്സ് ഇക്കണോമി മിഷൻ പല ഘട്ടങ്ങളിലൂടെ കടന്നു പോയി ലക്ഷ്യത്തിൽ എത്തിച്ചേരുന്നു. ആശയം, ചട്ടക്കൂട് (Framework) നിർവചനം, മേഖലാ പഠനം, താരതമ്യ പഠനം, ശക്തി-ദൗർബല്യം-സാധ്യത-വെല്ലുവിളി വിശകലനം(SWOT Analysis), സെക്കണ്ടറി ഡാറ്റ അനാലിസിസ്, മേഖലകളുടെ കണ്ടെത്തൽ, കണക്കെടുപ്പും അനുമാനവും(Quantification ) സ്ട്രാറ്റജി, റോഡ്മാപ്പ്, പ്രോജക്ട്-പ്രോഗ്രാം-സ്കീം പ്ലാൻ എന്നീ ഘട്ടങ്ങൾ കഴിഞ്ഞാണ് ഡിപിആർ ൽ എത്തി നിൽക്കുന്നത്. ആദ്യ രണ്ടു ഘട്ടങ്ങൾ പൂർത്തിയായി എന്ന് പറയാം. നിർവഹണത്തിലേക്ക് കടക്കുന്നതിന് മുൻപേ ഏതാനും ചുവടുകൾ ബാക്കി നിൽക്കുന്നു.



# XII

# ഊന്നൽ കൊടുക്കുന്ന മേഖലകൾ

## *പ്രോജക്ട്ടുകൾ, പ്രോഗ്രാമുകൾ*

വളർച്ചയുടെ ഉത്തേജകമായി കണക്കാക്കുന്ന കുറച്ച് ത്രസ്റ്റ് ഏരിയകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ദർശനം, സമീപനം, അടിസ്ഥാന തത്വങ്ങൾ, തന്ത്രം എന്നിവയിൽ നിന്നാണ് ഇത് വികസിപ്പിച്ചെടുത്തത്. ഇത് സ്കീമുകൾ, പ്രോജക്ട്ടുകൾ, പ്രോഗ്രാമുകൾ എന്നിവയിലേക്ക് നയിക്കുന്നു. ഈ മേഖലകളിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്. പ്രോജക്ട്ടുകൾ രൂപപ്പെടുത്തുന്നതിനുള്ള അടിത്തറയാണ് ത്രസ്റ്റ് ഏരിയകൾ തിരിച്ചറിയുന്നത്.




### 12.1. ടാലന്റ് ഹണ്ട്

ഒളിമ്പിക്സ് അടക്കമുള്ള വരാനിരിക്കുന്ന വലിയ ഇവന്റുകളെ മുന്നിൽ നിറുത്തി 4/ 8/ 12 വർഷത്തെ ഭാവി സാദ്ധ്യതകൾ മുൻനിറുത്തി ആ പ്രായത്തിലുള്ള പ്രതിഭകളുടെ ഒരു പൂൾ ഉണ്ടാക്കുകയും അത് അവർക്ക് മികവിലേക്ക് ഉയരാനുള്ള എല്ലാ പിന്തുണയും നൽകണം. നിരന്തരം ഈ കുട്ടികളുടെ പ്രകടനം വിലയിരുത്തണം. അന്താരാഷ്ട്ര പരിശീലനം നൽകണമെങ്കിൽ അതിനുള്ള സാഹചര്യം ഉണ്ടാക്കണം. പെർഫോമൻസ് അടിസ്ഥാനമാക്കി ഇൻസെന്റീവുകൾ അടക്കം നൽകാം.

### 12.2. ട്രെയിനെർസ് ട്രെയിനിങ്

മികച്ച കോച്ചുകളെ വികസിപ്പിച്ചെടുക്കാനും കായിക പ്രതിഭകൾക്ക് സമാനമായ ഒരു പൂൾ ഉണ്ടാകേണ്ടതുണ്ട്. ഇവരെ അതാത് കായിക ഇനങ്ങളിൽ തുടർച്ചയായി വിദഗ്ധ പരിശീലനം നൽകണം. പരിശീലകരുടെ പരിശീലനത്തിന് മാത്രമായി ഒരു റിസർച് സെന്റർ ആരംഭിക്കാവുന്നതാണ്. ഏറ്റവും മികച്ച സാങ്കേതിക വിദ്യകൾ- അനലിറ്റിക്സ്, എഐ മുതലായവ ലഭ്യമാക്കണം. കോച്ചുമാരുടെ പ്രകടനം നിരന്തരം വിലയിരുത്തണം. നേട്ടങ്ങൾക്ക് അനുസൃതമായി ഇൻസെന്റീവ്, ഗ്രേഡിങ് അടക്കമുള്ള പരിശീലനം നൽകണം. മാനേജ്മെന്റ് സ്കിൽ വളർത്തിയെടുക്കണം. ബിസിസി നടത്തുന്ന കോച്ചുമാർക്കുള്ള ക്രിക്കറ്റ് ക്ലിനിക്കുകൾ, എൻബിഎ ബാസ്കറ്റ് ക്ലിനിക്കുകൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. കോച്ചുമാർക്ക് അസോസിയേഷൻ അന്താരാഷ്ട്ര, ദേശിയ തലത്തിൽ നടത്തുന്ന കോച്ചിങ് ഗ്രെയ്ഡ് പരീക്ഷകളുടെ ഭാഗമാകാൻ പ്രേരിപ്പിക്കണം.

### 12.3. മികവിന്റെ കേന്ദ്രങ്ങൾ

സ്കൂളുകൾ, കോളേജുകൾ, അക്കാദമികൾ, സ്പോർട്സ് കോംപ്ലക്സുകൾ, സർവകലാശാല സെന്ററുകൾ തുടങ്ങി തുടർച്ചയായി ചില ഇനങ്ങളിൽ മികവ് കാട്ടുന്ന, തുടർച്ചയായി പ്രതിഭകളെ ഉല്പാദിപ്പിക്കുന്ന ചില കേന്ദ്രങ്ങളുണ്ട്. അവയെ മികവിന്റെയും, വൈദഗ്ധ്യത്തിന്റെയും കേന്ദ്രങ്ങളാക്കി വളർത്തണം. അത്തരം 100 കേന്ദ്രങ്ങളെങ്കിലും ആവശ്യമുണ്ട്. മെറിറ്റ് അടിസ്ഥാനത്തിൽ മാത്രം തെരെഞ്ഞെടുപ്പ് നടത്തണം. സർക്കാർ സാമ്പത്തിക സഹായം നൽകണം. കോർപ്പറേറ്റ് ടൈഅപ്പ് സാധ്യമാക്കണം. പങ്കാളിത്ത മാതൃക സൃഷ്ടിക്കണം. ദേശിയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന കേന്ദ്രങ്ങളാക്കണം. കേന്ദ്ര സർക്കാർ ഫണ്ടുകൾ ലഭ്യമാക്കണം. ഇവിടെ പഠിക്കാൻ കുട്ടികൾ മത്സരിക്കുന്ന അവസ്ഥ വരണം. അടുത്ത മികച്ച കേന്ദ്രത്തിലേക്കുള്ള ഫീഡർ പോയിന്റുകളായി മാറണം.

## 12.4. ആയുർവേദത്തിന്റെ വെൽനെസ് മികവ്

ലോകത്ത് അതിവേഗം വളരുന്നൊരു മേഖലയാണ് വെൽനെസ്. ഉത്പന്നങ്ങളും, സേവനങ്ങളും ചേർന്ന ഈ രംഗത്ത് കേരളത്തിന്റെ ശക്തി ആയുര്വേദമാണ്. സുഖ ചികിത്സ എന്ന പേരിൽ ലോകത്ത് ശ്രദ്ധേയമായ ഇത് ആയുർവേദം, ടൂറിസം എന്നീ മേഖലകളോട് ചേർന്ന് നിൽക്കുന്നു. വെൽനെസ് വിഭാഗത്തിൽ അതിന് സ്വതന്ത്രമായി വളരാനുള്ള സാധ്യത ഏറെ. ആയുർവേദം, യോഗ, ആയുഷ്, ഹെർബൽ മെഡിസിൻ എന്നിവയൊക്കെ വെൽനെസിൽ വരും. ടൂറിസം സാധ്യത വര്ധിക്കുകയെ ഉള്ളൂ. ലോകമെമ്പാടുമുള്ള കായിക താരങ്ങളെ കേരളത്തിലേക്ക് വെൽനസ് ട്രീറ്റ്മെന്റിന് ക്ഷണിക്കാം. സ്പോർട്സ് മെഡിസിനിൽ ആയുർവേദത്തിന്റെ അത്ഭുത സിദ്ധികൾ ചേർത്തുവയ്ക്കാം. മസാജിന് അപ്പുറം ഭക്ഷണം, വ്യായാമം, യോഗ, സൂര്യ നമസ്കാരം തുടങ്ങി പലതും ചേർത്ത് നൂതനമാക്കാം. കൃത്യമായ പ്രൊസീജ്യറുകൾ ഉണ്ടാക്കാം. സ്റ്റാൻഡേർഡൈസേഷൻ പ്രധാനം. വെൽനെസ് ഒരു പ്രത്യേക ശാഖയാക്കി വളർത്താം.

ലോകത്തെ വെൽനസ് ഡെസ്റ്റിനേഷനാക്കി കേരളത്തെ മാറ്റം. ആഗോള പ്രചാരണവും ഇതിന് നൽകാം.

## 12.5. പ്ളേസ്മെന്റ്, റിക്രൂട്ട്മെന്റ് സേവനങ്ങൾ

സ്പോർട്സ് താരങ്ങൾക്കുള്ള ക്ലബ്ബ്കളിലേക്ക് അടക്കമുള്ള റിക്രൂട്ട്മെന്റ് സാധ്യതകളെ ഏകോപിപ്പിക്കേണ്ടിയിരിക്കുന്നു. നിലവിൽ ഒട്ടും ആസൂത്രിതമല്ലാതെയാണ് ഇത് നടക്കുന്നത്. സ്പോർട്സ് ക്വോട്ട റിക്രൂട്ട്മെന്റ് പലപ്പോഴും കായിക താരങ്ങൾ അറിയാതെ പോകുന്നു. കേരളത്തെ കായിക താരങ്ങളുടെ ഒരു പ്രധാന ഫീഡർ സ്റ്റേറ്റ് ആയി വളർത്തിയെടുക്കാം. കായിക രംഗത്തെ മാനേജ്മെന്റ് അടക്കമുള്ള മേഖലകളിലെ അവസരങ്ങളും ഈ സംവിധാനം ഏകോപിപ്പിക്കണം. കായിക താരങ്ങൾക്കും പ്രൊഫഷനലുകൾക്കും ഇന്ത്യക്കകത്തും പുറത്തുമുള്ള പഠനവസരങ്ങളും ഇതിന് കീഴിൽ വരണം.

## 12.6. ടൂറിസത്തിൽ കായികം

കേരളത്തിൽ നല്ല വേരുള്ള, കായിക ഇനം എന്നതിനൊപ്പം സാംസ്കാരിക രൂപമായി പരിഗണിക്കാവുന്ന വള്ളംകളി, വടം വലി, സെവൻസ് ഫുടബോൾ, നാടൻ പന്തുകളി തുടങ്ങിയവ ടൂറിസം ഉത്പന്നങ്ങൾ എന്ന നിലയിൽ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തി സാദ്ധ്യതകൾ പരമാവധി ഉപയോഗിക്കണം. സെവൻസ് ഫുട്ബോൾ അനിതര സാധാരണ സാധ്യത ഉള്ളതാണ്.

## 12.7. സർക്കാരിതര നിക്ഷേപം

സർക്കാർ മാത്രമാണ് സ്പോർട്സ് വികസനത്തിൽ നിക്ഷേപിക്കുന്നത് എന്ന രീതി മാറണം. തുടർച്ചയായ ഇൻവെസ്റ്റ്മെന്റ് ഡ്രൈവ് നടക്കണം. നിക്ഷേപകർക്ക് ആകർഷകമായ ഇൻവെസ്റ്റ്മെന്റ് ഓഫറുകൾ നൽകണം. സ്വകാര്യ നിക്ഷേപത്തിന് കൂടുതൽ പ്രാമുഖ്യം നൽകണം. സ്റ്റാർട്ടപ്പുകൾക്കും തുല്യ പരിഗണന നൽകണം.

## 12.8. എല്ലാവരുടെയും സ്പോർട്സ്

കുട്ടികൾ,സ്ത്രീകൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ, മത- സാമൂഹ്യ കൂട്ടായ്മകൾ, പ്രായമായവർ, സംഘടനകൾ, എന്നിവരെയെല്ലാം കായിക രംഗത്തേക്ക് കൊണ്ടുവരണം. ഓരോ സെഗ്മെന്റിനും പ്രത്യേക സ്കീമുകൾ നടപ്പാക്കണം.

## 12.9. സ്റ്റാർട്ടപ്പിൽ സ്പോർട്സും

ബൈജൂസും, ഫ്ലിപ്കാർട്ടുക, നൈക്കയും പോലെ ബില്യൺ ഡോളർ സ്റ്റാർട്ടപ്പുകൾ സ്പോർട്സിലും വന്നു തുടങ്ങി. കേരളത്തിലും ആ ദിശയിൽ മുന്നേറ്റമാ ഉണ്ടാകണം. സ്റ്റാർട്ടപ്പ് വില്ലേജ, ഇൻക്യൂബേറ്റർ തുടങ്ങിയവ ഇവിടെ ഉണ്ടാകണം.

## 12.10. ഫിറ്റ്നസ്

ഫിറ്റ്നസ് ആയിരിക്കും സ്പോർട്സ് അനുബന്ധ മേഖലകളിൽ ഏറ്റവും ജനകീയം. സ്വകാര്യ സംരംഭകരെ ഈ രംഗത്തേക്ക്- ജിംനേഷ്യം മുതലായവ തുടങ്ങുന്നതിന് ആകർഷിക്കണം. സ്പോർട്സ് സ്റ്റാർട്ടപ്പുകൾക്ക് ഫിറ്റ്നസിൽ കൂടുതൽ ശ്രദ്ധിക്കാം.

## 12.11. അസോസിയേഷനുകൾ ശക്തിപ്പെടണം

ബിസിസിഐ പോലെ ഓരോ കായിക വിഭാഗത്തിലെയും അസോസിയേഷനുകൾ ശക്തിപ്പെടണം. അവ സ്വന്തം കാലിൽ നില്ക്കാൻ കെൽപ്പ് നേടണം. ലീഗുകൾ അടക്കം പലതും ഇതിനായി ആസൂത്രണം ചെയ്യണം. അടിസ്ഥാനപരമായി അവയ്ക്ക് വരുമാനം ഉണ്ടാകണം. എങ്കിലേ അതാതു മേഖലകൾക്കായി അവയ്ക്ക് ചെലവഴിക്കാൻ കഴിയൂ. പോപ്പുലർ സ്പോർട്സ്, പൊട്ടൻഷ്യൽ സ്പോർട്സ് എന്നിവയിൽ ഓരോ അസോസിയേഷൻ സർക്കാർ മുൻകൈ എടുത്ത് ഒരു പുനഃക്രമീകരണത്തിന് ശ്രമിക്കാം. അത് വിജയകരമാക്കിയ ശേഷം എല്ലാ അസോസിയേഷനുകളെയിം ഈ വഴിയിലേക്ക് കൊണ്ടുവരാം.

## 12.12. സയൻസ്, എൻജിനിയറിങ്, ടെക്നോളജി, മാനേജ്മെന്റ്, ഫിനാൻസ്, മാർക്കറ്റിങ്, ബ്രാൻഡിംഗ്

സ്പോർട്സ് ഒറ്റക്ക് നിൽക്കുകയോ അതിജീവിക്കുകയോ ചെയ്യില്ല. പ്രത്യേകിച്ചും ഇത്ര മത്സരക്ഷമമായ ലോകത്ത്. സയൻസ്, ടെക്നോളജി, എൻജിനിയറിങ്, മാനേജ്മെന്റ് എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തണം. ഇത്തരം കൂടുതൽ പ്രൊഫഷണലുകളുടെ സേവനം സ്പോർട്സിന് ലഭ്യമാകുന്ന സ്കീമുകൾക്ക് രൂപം കൊടുക്കണം.
സ്കീമുകൾക്ക് രൂപം നൽകുമ്പോൾ ഈ മേഖലകളുടെ പങ്കാളിത്തം ഉറപ്പാക്കണം. ഇതൊരു അടിസ്ഥാന സമീപനമായി മാറണം. സ്പോർട്സ് അനുബന്ധ സാധ്യതകളിൽ പ്രത്യേക പരിശീലനം കൊടുക്കുന്ന ഒരു സ്പെഷ്യലൈസ്ഡ് സ്ഥാപനത്തിന് ഏറെ പ്രസക്തിയുണ്ട്.

## 12.13 അടിസ്ഥാന സൗകര്യങ്ങൾ

അടിസ്ഥാന സൗകര്യങ്ങളുടെ കുറവല്ല അവയുടെ പരിപാലനം, ഫലപ്രദമായ ഉപയോഗം, പങ്കുവയ്ക്കൽ എന്നിവയെല്ലാം വലിയ വെല്ലുവിളി തന്നെ. ആധുനിക ടർഫുകളുടെ വരവ് വലിയ ട്രെൻഡ് മാറ്റം ഉണ്ടാക്കി. അത് പരമാവധി പ്രോത്സാഹിപ്പിക്കണം. സ്പോർട്സ് ഹബുകൾ, കോംപ്ലക്സുകൾ എന്നിവയും ശക്തമായി പ്രോത്സാഹിപ്പിക്കണം. സ്പോർട്സ് കേരളം ലിമിറ്റഡിന്റെ വരവോടെ സർക്കാർ സൗകര്യങ്ങൾ പരിപാലിക്കപ്പെടും. തദ്ദേശ സ്ഥാപനങ്ങളിൽ സ്പോർട്സ് കൗൺസിലുകളുടെ വരവ് ഒരു വഴിത്തിരിവാകും. സ്പോർട്സ് സൗകര്യങ്ങളുടെ സമഗ്ര ഡാറ്റ ഉണ്ടാവുകയും, അവ ഒരു നെറ്റ്‌വർക്കിൽ വരികയും, ഇവന്റുകൾ വ്യാപിക്കുകയും, പൊതുജനങ്ങൾക്ക് അവ ഉപയോഗിക്കാൻ സൗകര്യം ഉണ്ടാവുകയും ചെയ്താൽ അടിസ്ഥാന സൗകര്യങ്ങൾ അർത്ഥവത്താകും, ഉല്പാദനക്ഷമമാകും.

## 12.14. കൂടുതൽ ലീഗുകൾ, മത്സരങ്ങൾ

കേരളത്തിനുള്ളിൽ പോപ്പുലർ ഇനങ്ങളിലും, തദ്ദേശീയ ഇനങ്ങളിലും ലീഗുകൾക്ക് സാധ്യത ഉണ്ട്. നിന്ന് പോയ ചാംപ്യൻഷിപ്പുകളുടെ വീണ്ടെടുപ്പിന് വലിയ ശ്രമം വേണ്ടി വരും. സ്പോർട്സ് മാനേജ്മെന്റ് കമ്പനികളുമായി അസോസിയേഷനുകൾക്ക് ഇത് ആലോചിക്കാവുന്നതാണ്. ലാഭകരമായ സ്ട്രാറ്റജി രൂപപ്പെടുത്തിയാൽ അവർ താല്പര്യം കാണിക്കും. കോർപ്പറേറ്റ്, ഇസ്ടിട്യൂഷണൽ സ്പോർട്സ് വളർത്താൻ കമ്പനികൾക്കിടയിലുള്ള മത്സരങ്ങൾ വ്യാപകമാക്കണം. സ്പോർട്സ് ഇവന്റ് ഓർഗനൈസേഷൻ രംഗത്തേക്ക് കൂടുതൽ സ്റ്റാർട്ടപ്പുകളെ ആകർഷിക്കുകയും മികച്ച നിലവാരത്തിലുള്ള സംഘാടനം സാധ്യമാവുകയും ചെയ്യണം.

## 12.15. അസോസിയേഷനുകൾ ശക്തിപ്പെടണം

ബിസിസിഐ പോലെ ഓരോ കായിക വിഭാഗത്തിലെയും അസോസിയേഷനുകൾ ശക്തിപ്പെടണം. അവ സ്വന്തം കാലിൽ നില്ക്കാൻ കെൽപ്പ് നേടണം. ലീഗുകൾ അടക്കം പലതും ഇതിനായി ആസൂത്രണം ചെയ്യണം. അടിസ്ഥാനപരമായി അവയ്ക്ക് വരുമാനം ഉണ്ടാകണം. എങ്കിലേ അതാതു മേഖലകൾക്കായി അവയ്ക്ക് ചെലവഴിക്കാൻ കഴിയൂ. പോപ്പുലർ സ്പോർട്സ്, പൊട്ടൻഷ്യൽ സ്പോർട്സ് എന്നിവയിൽ ഓരോ അസോസിയേഷൻ സർക്കാർ മുൻകൈ എടുത്ത് ഒരു പുനഃക്രമീകരണത്തിന് ശ്രമിക്കാം. അത് വിജയകരമാക്കിയ ശേഷം എല്ലാ അസോസിയേഷനുകളെയിം ഈ വഴിയിലേക്ക് കൊണ്ടുവരാം.

XIII

# സെഗ്മെന്റ് വിശകലനം

## കായിക മേഖലയിലെ പ്രധാന വിഭാഗങ്ങൾ

സ്പോർട്സ് നിർവചന പരിധിക്കുള്ളിൽ വരുന്ന 25 മുഖ്യ പരിഗണനാ മേഖലകൾ നിർദേശിച്ചിരുന്നു. ഇവയ്ക്ക് ഉപവിഭാഗങ്ങളുണ്ട്. അങ്ങനെ നോക്കിയാൽ 225 ചെറു മേഖലകൾ വരും. ഇവയിൽ ഓരോന്നിന്റെയും വിശദ വിവരണം, സെക്കണ്ടറി ഡാറ്റ വച്ചുള്ള കണക്കുകൾ, ഓരോ മേഖലയുടെയും സാദ്ധ്യതകൾ, പദ്ധതി നിർദേശങ്ങൾ എന്നിവ ഡിപിആറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേഖല തിരിച്ചു പരിഗണിക്കുന്നത് പദ്ധതി ആസൂത്രണത്തിന് ഗുണകരമാകും. ഉപവിഭാഗങ്ങൾ തിരിച്ചു വിശകലനം ചെയ്യുന്നത് ചെറിയ സാദ്ധ്യതകൾ പോലും കണ്ടെത്താൻ സഹായിക്കും.

സ്പോർട്സ് ഇക്കോണമിയിൽ മുഖ്യ പരിഗണനയായ സാമ്പത്തിക സാദ്ധ്യതകൾ ആണ് മുഖ്യമായും മേഖലകളും, ഉപവിഭാഗങ്ങളും തിരിച്ചു പരിഗണിക്കുന്നതിൽ മാനദണ്ഡമാക്കിയിട്ടുള്ളത്.

ഉല്പന്നങ്ങൾ, സേവനങ്ങൾ എന്ന പൊതു മാനദണ്ഡത്തിൽ വരാവുന്ന മേഖലകളെയാണ് പ്രധാനമായും കണ്ടെത്തിയിട്ടുള്ളത്. ഉല്പാദനക്ഷമത, വരുമാനസാധ്യതകൾ എന്നിവ മുഖ്യമായും പരിഗണിച്ചു. നിലവിൽ വരുമാനം ഉണ്ടാക്കുന്നില്ലെങ്കിലും ഭാവി വളർച്ചയും, ഉല്പാദനക്ഷമതയും പരിഗണിച്ചു ഏതാനും മേഖലകളെ ഉൾപ്പെടുത്തിയിരിക്കുന്നു.

### സെഗ്മെന്റുകൾ

ഈ 25 പ്രധാന സെഗ്മെന്റുകളെ നിലവിലെ കായിക സാഹചര്യത്തിന്റെയും വളർച്ചാ സാധ്യതയുടെയും അടിസ്ഥാനത്തിലാണ് പരിഗണിച്ചിട്ടുള്ളത്. ഈ തിരഞ്ഞെടുപ്പ് പൂർണ്ണമായും വരുമാന സാധ്യതകളുടെ അടിസ്ഥാനത്തിലാണ്. നിലവിൽ ചില മേഖലകൾ വരുമാനം ഉണ്ടാക്കുന്നില്ലെങ്കിലും ഭാവിയിലെ സാധ്യത പരിഗണിച്ചാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആഗോളവും ദേശീയവുമായ സാഹചര്യവും കണക്കിലെടുക്കുന്നു

1. സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ - നിർമ്മാണം, പരിപാലനം
2. ഫിറ്റ്നസ് ഇൻഫ്രാസ്ട്രക്ചർ
3. കായിക ഉപകരണങ്ങൾ- നിർമ്മാണം
4. കായിക ഉപകരണങ്ങൾ- വിതരണം
5. ഇവന്റുകൾ- ചാമ്പ്യൻഷിപ്പുകൾ, ലീഗുകൾ
6. പരിശീലനം
7. കായിക വിദ്യാഭ്യാസം, മാനേജ്മെന്റ്, എഞ്ചിനീയറിംഗ് & മീഡിയ
8. സ്പോർട്സ് ക്ലബ്ബുകൾ
9. സ്പോർട്സ് മെഡിസിൻ
10. ഫാന്റസി ഗെയിമുകൾ
11. മീഡിയ- ടിവി, ഡിജിറ്റൽ & പ്രിന്റ്
12. സ്റ്റാർട്ടപ്പുകൾ
13. വെൽനസ്
14. ഹൈ വാല്യൂ സ്പോർട്സ്
15. സാഹസിക കായിക വിനോദങ്ങൾ
16. പാരമ്പര്യേതര കായിക വിനോദങ്ങൾ
17. സ്കൂൾ, കോളേജ് സ്പോർട്സ്
18. കായിക നിർവഹണം
19. അനുബന്ധ സേവനങ്ങൾ
20. സ്പോർട്സ് ടെക്നോളജിയും സയൻസും
21. തദ്ദേശീയ കായിക വിനോദങ്ങൾ
22. സ്പോർട്സ് ടൂറിസം
23. സ്പോർട്സ് ബ്രാൻഡിംഗ്, മാർക്കറ്റിംഗ്
24. കായികക്ഷമത അടിസ്ഥാനമാക്കിയുള്ള പൊതു സൗകര്യങ്ങൾ
25. സേവനങ്ങൾ, സൗകര്യങ്ങൾ

XIV

# പ്ലാനുകളും സ്കീമുകളും പ്രൊപ്പോസലുകളും

സംസ്ഥാനത്തെ പൗരന്മാരുടെ സാമൂഹികവും സാമ്പത്തികവുമായ ക്ഷേമം അഭിസംബോധന ചെയ്യുന്നതിനായി സർക്കാർ കേരളത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നു. സമൂഹത്തെ അലട്ടുന്ന നിരവധി സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഈ പദ്ധതികൾ നിർണായക പങ്ക് വഹിക്കുന്നു. ചില പ്ലാനുകൾ, പ്രൊജക്ഷനുകൾ, ട്രയലുകൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ഈ സ്കീമുകൾ ക്രമീകരിച്ചിരിക്കുന്നത്. അതിനാൽ ഈ വിഭാഗത്തിൽ സ്കീമുകളിലേക്ക് നയിക്കുന്ന ചില നിർദ്ദേശിത പ്ലാനുകൾ ഞങ്ങൾ ഹൈലൈറ്റ് ചെയ്യുന്നു. വിശദമായ ഗവേഷണങ്ങൾ, പഠനങ്ങൾ, വിശകലനങ്ങൾ, സ്ഥിതിവിവരക്കണക്കുകൾ, വിദഗ്ധരുടെ ഇൻപുട്ടുകൾ, അനുമാനങ്ങൾ എന്നിവ ഉൾപ്പെട്ടിരിക്കുന്ന ഒരു നീണ്ട പ്രക്രിയയിലൂടെയാണ് ഇത് വികസിച്ചത്. അടിസ്ഥാന സ്ട്രാറ്റജി കേന്ദ്രീകരിച്ചാണ് മുഖ്യ പരിഗണനാ മേഖലകൾ, സെക്റ്ററുകൾ എന്നിവ നിശ്ചയിച്ചിട്ടുള്ളത്. അവയെ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതികളും, പരിപാടികളും, സ്കീമുകളും കണ്ടെത്താൻ ശ്രമിച്ചിരിക്കുന്നു.

## 14.1. അസോസിയേഷനുകളുടെ പുനരുജീവനവും, പുനസംഘാടനവും

സ്പോർട്സ് കൗൺസിലും സ്പോർട്സ് സംഘടനകളും മുഖ്യമായും സർക്കാർ സഹായത്തിന്റെ പിൻ ബലത്തിലാണ് പ്രവർത്തിക്കുന്നത്. അസോസിയേഷനുകൾക്ക് അഫിലിയേറ്റ് ചെയ്ത അസോസിയേഷനുകളുടെ പിന്തുണയും ലഭിക്കുന്നു. ബിസിസിഐ സംസ്ഥാന ഘടകങ്ങൾക്ക് പെർഫോമൻസ് അടിസ്ഥാനമാക്കി ഫണ്ട് നൽകുന്നു. തമിഴ്നാട് ക്രിക്കറ്റ് അസോസിയേഷൻ പോലുള്ളവ ഈ ഫണ്ട് ഫലപ്രദമായി ഉപയോഗിച്ച് സ്വന്തം ലീഗ് അടക്കം തുടങ്ങി സ്വയംപര്യാപ്തമായിരിക്കുന്നു. ഐഎസ്എൽ മാതൃകാ ലീഗ് തുടങ്ങാൻ തയ്യാറെടുത്തു നിൽക്കുന്ന കേരള ഫുടബോൾ അസോസിയേഷൻ 10 വർഷത്തേക്ക് കോർപ്പറേറ്റ് പങ്കാളിത്ത കരാർ നൽകിയിരിക്കുന്നു. ഇത് കേരള ഫുടബോളിനു പുതു ജീവൻ നൽകും. അസോസിയേഷന്റെ വരുമാനം വർധിക്കും. കൂടുതൽ സ്കീമുകൾ നടപ്പാക്കാൻ അസോസിയേഷന് സാധ്യത തെളിയും.

അസോസിയേഷനുകൾ സ്പോർട്സ് വികസനത്തിന്റെ ഒരു പ്രധാന ഘടകമാണ്. കാരണം അസോസിയേഷനുകൾ കേന്ദ്രീകരിച്ചാണ് ലോകത്താകമാനം സ്പോർട്സ് പ്രവർത്തനങ്ങൾ നടക്കുന്നത്. അത് പരിശീലനമാകട്ടെ, മത്സരമാകട്ടെ, ലീഗ് ആകട്ടെ മറ്റ് ഏതു വിധത്തിലുള്ള സ്പോർട്സ് പ്രവർത്തനങ്ങളും അസോസിയേഷനുകൾ കേന്ദ്രീകരിച്ചാണ്. അവയെ പുനസംഘടിപ്പിക്കട്ടെ സ്പോർട്സ് വികസനം എങ്ങും എത്തില്ല. അസോസിയേഷനുകൾക്ക് പ്രൊഫഷണലിസം ഇല്ലാത്തതാണ് ഒരു വലിയ പ്രതിസന്ധി.

പുനഃസംഘടനത്തിന്റെ ഭാഗമായി രണ്ട് പ്രോട്ടോടൈപ്പുകൾ ചെയ്യുന്നതാണ് പ്രായോഗികം. ഒന്ന് ഒരു പോപ്പുലർ സ്പോർട്സിലും, മറ്റൊന്ന് പൊട്ടൻഷ്യൽ സ്പോർട്സിലും. ഉദാഹരണമായി ബാസ്കറ്റ്ബോൾ. ലീഗ്, സെന്റർ ഫോർ എക്സലൻസ്, കോച്ചസ് ക്ലിനിക്, ടൂർണമെന്റുകൾ, സ്കൂൾ-കോളേജ് തല മത്സരങ്ങൾ, അക്കാദമികൾ എന്നിവ എല്ലാം ചേർത്ത് അസോസിയേഷനെ സജീവമാക്കാൻ ശ്രമിക്കാം. അവിടെ പ്രശ്നം സാമ്പത്തികം തന്നെ. വരുമാന സ്രോതസുകൾ കണ്ടെത്തണം. ദീർഘകാല കോർപ്പറേറ്റ് പങ്കാളിത്തം വേണം. ബ്രാൻഡിംഗ് നടക്കണം. മുൻ താരങ്ങളുടെ പിന്തുണ വേണം. സംസ്ഥാനത്താകെ അസോസിയേഷൻ പെയിഡ് കോച്ചിങ് തുടങ്ങണം. ഒരു വർഷം 10000 കുട്ടികളെ ബാസ്കറ്റ്ബോൾ പഠിപ്പിക്കുന്നതുപോലുള്ള സ്കീം കൊണ്ടുവരണം. കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ, സ്കൂളുകളുടെ പങ്കാളിത്തം എന്നിവക്ക് മുൻകൈ എടുക്കണം. മാനേജ്മെന്റ്, ഫിനാൻസ്, മാർക്കറ്റിങ്, ബ്രാൻഡിംഗ് വിദഗ്ധരുടെ സഹായം തേടണം. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടുകൾ സമാഹരിക്കാൻ ശ്രമിക്കണം. അങ്ങനെ പല വഴികളിലൂടെ അസോസിയേഷന് ഒരു മാതൃകാ മുന്നേറ്റം നടത്താൻ കഴിയും. പോപ്പുലർ സ്പോർട്സിൽ വരാത്ത ഹാൻഡ്ബോൾ പോലൊരു ഗെയിമിലും ഈ പരീക്ഷണം ആകാം. രണ്ട് മോഡലുകൾ സർക്കാരിന്റെ സൂക്ഷ്മ നിരീക്ഷണത്തിൽ നടത്തിയ ശേഷം ഇത് മറ്റ് മേഖലകളിലേക്ക് കൂടി വ്യാപിപ്പിക്കാം.

**നിർവഹണം**

- പ്രധാന സംസ്ഥന തല അസോസിയേഷനുകളിൽ നിന്ന് ആരംഭിക്കുക
- ജില്ലാതല അസോസിയേഷനുകളിൽ ഈ പ്രക്രിയ തുടരുക.
- റൂറൽ സ്പോർട്സ് കൗൺസിലുകളുമായി ചേർന്ന് സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുക

**പ്രോട്ടോടൈപ്പ്**

ഏതെങ്കിലും പ്രമുഖ അസോസിയേഷന് ഒരു പ്രോട്ടോടൈപ്പ് സജ്ജീകരിക്കാൻ കഴിയും. ടൈ-അപ്പുകൾ, നെറ്റ്‌വർക്കിംഗ്, പങ്കാളിത്തം, ഇവന്റുകൾ, ലീഗുകൾ, റൂട്ട് ലെവൽ പ്രോഗ്രാമുകൾ, ഇൻഫ്രാസ്ട്രക്ചർ എന്നിവ കൂട്ടിയിണക്കിയ ഈ പ്രോട്ടോടൈപ്പ് പരീക്ഷിക്കാം.


**മുഖ്യ ആവശ്യങ്ങൾ**

- ❑ ഘടനാപരമായ മാറ്റവും പുതിയ പ്രവർത്തന മാതൃകയും
- ❑ ബിസിസിഐ പോലെ ഒരു നിർവചിക്കപ്പെട്ട ബിസിനസ് മോഡൽ
- ❑ ഓരോ അസോസിയേഷനും സ്വയം പര്യാപ്തത
- ❑ അസോസിയേഷനുകൾക്ക് ശരിയായ റോഡ്മാപ്പ്
- ❑ ദീർഘകാല വാണിജ്യ ബന്ധങ്ങൾ
- ❑ കോർപ്പറേറ്റ് പങ്കാളിത്തം
- ❑ തുടർച്ചയായ നൈപുണ്യ വികസനവും മെന്ററിംഗ് പ്രോഗ്രാമുകളും.
- ❑ ചട്ടക്കൂടിനായി മാനേജ്മെന്റ് വിദഗ്ധരുടെ/സ്ഥാപനങ്ങളുടെ പങ്കാളിത്തം
- ❑ മാനേജ്മെന്റ്/കായിക വിദഗ്ധരുടെ ദീർഘകാല സേവനം
- ❑ അസോസിയേഷനുകൾക്കും പ്രൊഫഷണൽ സെക്രട്ടേറിയറ്റ്
- ❑ അതാത് കായിക മേഖലകളിൽ മിഷനുകളും സ്കീമുകളും പ്രോജക്റ്റുകളും പ്രോഗ്രാമുകളും പാക്കേജുകളും
- ❑ തുടർച്ചയായ നിരീക്ഷണവും കാലികമായ ആസൂത്രണവും.
- ❑ സർക്കാർ സംവിധാനത്തിന്റെ പിന്തുണ

## 14.2. **ഒരു സംയോജിത പ്ലാറ്റ്ഫോം (ERP) -** *പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കാവുന്ന ഇആർപി*

### ഇന്റഗ്രേറ്റഡ് പ്ലാറ്റഫോം

സംസ്ഥാനത്തെ കായിക രംഗത്തിന്റെ ഒരു പരിമിതി ഏകോപനം ആണ്. അടിസ്ഥാന സൗകര്യങ്ങൾ ധാരാളം, മത്സരങ്ങൾ അനവധി, അക്കാദമികൾ നിരവധി, പരിശീലകർക്ക് പഞ്ഞമില്ല, പ്രതിഭകളുടെ ഉറവ വറ്റുന്നില്ല. സ്പോർട്സ് ഇക്കോണമി യാഥാർഥ്യമാകുന്നതോടെ ഇതെല്ലം പലമടങ്ങ് വർധിക്കും. കൂടുതൽ പൊതുപങ്കാളിത്തം ഉണ്ടാകും. ഈ വിവരങ്ങളുടെ ക്രോഡീകരണവും അതിന്റെ ലഭ്യതയും സംവിധാനത്തെ കൂടുതൽ കെട്ടുറപ്പുള്ളതും, ഫലപ്രദവുമാക്കും. സർക്കാരിന്, അസോസിയേഷനുകൾക്ക്, താരങ്ങൾക്ക്, പരിശീലകർക്ക്, സംഘാടകർക്ക്, നിക്ഷേപകർക്ക്,




പൊതുജനങ്ങൾക്ക് ഒക്കെ അവർക്ക് ഉപയുക്തമായ ഡാറ്റ ആക്സസ് ലഭ്യമാകുന്നതോടെ കായിക സൗകര്യങ്ങളും, സേവനങ്ങളും കൂടുതൽ ഉപയോഗിക്കപ്പെടും. കളിക്കളങ്ങൾ മത്സരങ്ങളും, പരിശീലന ക്യാമ്പുകളും കൊണ്ട് സജീവമാകും. ഏത് ഭാഗത്തുമുള്ള പരിശീലകരുടെ സേവനം ഏത് കായിക ഇനത്തിലും ലഭിക്കും. കോച്ചുമാരുടെയും, താരങ്ങളുടെയും, അക്കാദമിയുടെയും, ഗ്രൗണ്ടുകളുടെയും ഗ്രേഡിങ് ലഭിക്കും. തൊഴിൽ അവസരങ്ങൾ, ക്ലബ് റിക്രൂട്ട്മെന്റ് എന്നിവ സംബന്ധിച്ച അപ്ഡേറ്റുകൾ ലഭിക്കും. ഇവന്റ് വിവരങ്ങൾ അവയുടെ ലൈവ് സ്ട്രീമിങ് എന്നിവ ലഭിക്കും. നിക്ഷേപകർക്ക് പുതിയ സാദ്ധ്യതകൾ കണ്ടെത്താൻ കഴിയും. ചരിത്രം, നേട്ടങ്ങൾ എന്നിവ ലഭ്യമാകും. സ്പോർട്സിലെ ഓരോ ലോക ചലനങ്ങളും അറിയാൻ കഴിയും. അത്ര സമഗ്രമായ ഒരു ഇആർപി- ഇൻഫർമേഷൻ ലിങ്ക്ഡ് പ്ലാറ്റഫോം സ്പോർട്സ് ഇക്കോണമിയുടെ ഭാഗമായി വികസിപ്പിച്ചെടുക്കേണ്ടതുണ്ട്.

## 14.3. **സ്കീമുകളിലേക്ക് നയിക്കുന്ന മറ്റ് പ്ലാനുകൾ**

സെഗ്മെന്റുകളുടെയും മൈക്രോ സെഗ്മെന്റുകളുടെയും വിശദമായ വിശകലനത്തിന്റെയും അതിനെ അടിസ്ഥാനമാക്കിയുള്ള അനുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ചില സ്കീമുകൾ നിർദേശിക്കുന്നു

### 14.3.1. ഒളിമ്പിക്സ് ലക്ഷ്യമാക്കിയുള്ള ടാലന്റ് പൂൾ

സാധ്യതയുള്ള സെഗ്മെന്റുകളിലെ പ്രോഗ്രാമുകളുടെ രൂപകൽപ്പനയിലും വികസനത്തിലും

സ്പോർട്സ് അസോസിയേഷനുകൾ നേതൃത്വം നൽകും. ഇതൊരു ടാർഗെറ്റ് അടിസ്ഥാനത്തിലുള്ള സ്കീമാണ്. വളർച്ചക്ക് തീവ്രമായ പരിശീലനം ആവശ്യമാണ്. പദ്ധതികളുടെ രൂപകല്പനയിലും നടത്തിപ്പിലും മറ്റ് പങ്കാളികൾക്കും അവസരം നൽകുന്നത് അഭികാമ്യമാണ്.

### 14.3.2. കോച്ചുകളുടെ പരിശീലനം (നൈപുണ്യ വികസനവും പരിശീലകരുടെ മൊത്തത്തിലുള്ള പ്രകടന വികസനവും)

കായിക വികസന മേഖലയിൽ മികച്ച പരിശീലകരെ വികസിപ്പിക്കുന്നതിനാണ് മുൻഗണന നൽകുന്നത്. അത് ഏകോപിപ്പിക്കുന്നതിന് അസോസിയേഷനുകൾക്കും സ്പോർട്സ് കൗൺസിലുകൾക്കുമാണ് പ്രധാന പങ്ക്.

### 14.3.3. മികവിന്റെ 100 കേന്ദ്രങ്ങൾ

നല്ല ട്രാക്ക് റെക്കോർഡുള്ള അപേക്ഷകരെ ക്ഷണിക്കാം. അത് മികച്ച പ്രകടനം നടത്തുന്ന സ്കൂളുകൾ/ കോളേജുകൾ/ അക്കാദമികൾ എന്നിവ ആകാം. പൂർണ്ണമായും പങ്കാളിത്ത മാതൃകയായിരിക്കും ഇത്. കൂടുതൽ പങ്കാളികളെ ഉൾപ്പെടുത്തുന്നത് അഭികാമ്യം. അതിന് കൃത്യമായ മാർഗനിർദേശങ്ങൾ തയ്യാറാക്കണം.

### 14.3.4. സ്പോർട്സിൽ നിക്ഷേപിക്കാം

സ്വകാര്യ കമ്പനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയെ കായികമേഖലയിലെ വിവിധ അവസരങ്ങളിൽ നിക്ഷേപിക്കാൻ ക്ഷണിക്കാം.

ഇതാണ് കായിക സമ്പദ്വ്യവസ്ഥയുടെ വികസനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഭാഗം. പ്രിപ്പറേറ്ററി പ്രോഗ്രാമുകൾ, ഇൻവെസ്റ്റർ മീറ്റുകൾ, വൺ ടു വൺ മീറ്റുകൾ, തുടർനടപടികൾ എന്നിവയ്ക്ക് ആവശ്യമായ കേന്ദ്രീകൃത കോർഡിനേഷൻ ഉണ്ടാകണം. പ്രൊഫഷണൽ ക്ലബ്ബുകൾ, അക്കാദമികൾ, സ്പോർട്സ് കോംപ്ലക്സുകൾ, സ്പോർട്സ് അരീനകൾ, സ്പോർട്സ് ഇവന്റുകൾ, പ്രോപ്പർട്ടികൾ എന്നിവയ്ക്കായി നിക്ഷേപം ആകർഷിക്കേണ്ടതുണ്ട്.

### 14.3.5. സ്പോർട്സ് ഹബ്

ഉയർന്ന നിലവാരത്തിലുള്ള പരിശീലനത്തിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്പോർട്സ് ഹബ്. മാഡ്രിഡ് സ്പോർട്സ് ഹബ് മാതൃകയിൽ- സമാനമായ അനലിറ്റിക്സ് സംവിധാനങ്ങളും, ഗവേഷണങ്ങളും.

### 14.3.6. ഒരു സ്കൂൾ ഒരു പ്രൈം സ്പോർട്സ്

വ്യത്യസ്ത കായിക ഇനങ്ങളിൽ 5000 സ്കൂൾ/കോളേജ് ടീമുകളെ ലക്ഷ്യമിടുന്നു)

ഒരു പ്രധാന കായിക ഇനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും ആ പ്രത്യേക കായിക ഇനത്തിൽ കുറഞ്ഞത് ഒരു ടീമിനെയെങ്കിലും വികസിപ്പിക്കാനും സ്കൂളുകളെ/ കോളേജുകളെ പ്രേരിപ്പിക്കുക. പൊതുവിദ്യാഭ്യാസ, ഉന്നത വിദ്യാഭ്യാസ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കണം. .

### 14.3.7. റൂട്ട് ലെവൽ കോച്ചിംഗ്

റൂറൽ സ്പോർട്സ് കൗൺസിൽ ഒരു പ്രത്യേക കായിക ഇനത്തിന് പ്രാധാന്യമുള്ള ഒരു അക്കാദമി/ പരിശീലന സൗകര്യം ഒരുക്കേണ്ടതുണ്ട്.

### 14.3.8. ആയുർവേദത്തോടൊപ്പം ആരോഗ്യം

നടപ്പിലാക്കുന്നതിന് ഒരു സംവിധാനം ആവശ്യമാണ്. കൂടുതൽ സംരംഭങ്ങളെ ആകർഷിക്കേണ്ടതുണ്ട്. സ്റ്റാൻഡേർഡൈസേഷൻ ഉണ്ടാകണം. ആഗോള വിപണിയിലെ അസാധാരണമായ പ്രമോഷനാണ് പ്രധാനം.

### 14.3.9. കരിയർ ട്രാക്ക്

പ്രതിഭയുള്ള കളിക്കാർക്ക് അവസരങ്ങൾ ലഭിക്കാൻ ഒരു കരിയർ നെറ്റ്വർക്കിംഗ് സംവിധാനം.

ഏകോപനത്തിന് ചുമതലയുള്ള ഉദ്യോഗസ്ഥനും സംവിധാനവും ആവശ്യമാണ്. അന്താരാഷ്ട്ര തലങ്ങളിലെ അവസരങ്ങളും തേടണം. സ്പോർട്സുമായി ബന്ധപ്പെട്ട പ്ലെയ്സ്മെന്റ് സഹായത്തിനുള്ള സ്ഥിരം സൗകര്യമായി ഇത് മാറണം.

### 14.3.10. സ്പോർട്സ് ടൂറിസം

ടൂറിസം വകുപ്പുമായുള്ള ഏകോപനം പ്രധാനമാണ്. പ്രമോഷനും ആവശ്യമാണ്. കൂട്ടായ ശ്രമങ്ങൾ പ്രക്രിയയെ മെച്ചപ്പെടുത്തും. സ്പോർട്സ് മ്യൂസിയം ഇതിൽ ഉൾപ്പെടുന്ന ഒരു നിർദ്ദേശമാണ്. തദ്ദേശീയ സ്പോർട്സ് ഇനങ്ങളുടെ വികസനമാണ് മറ്റൊന്ന്.

### 14.3.11. തദ്ദേശീയ കായിക ഇനങ്ങൾ

സെവൻസ് ഫുട്ബോൾ പ്രീമിയർ ലീഗ്, ടഗ് ഓഫ് വാർ ലീഗ് , വാട്ടർ സ്പോർട്സ് ഫെസ്റ്റിവൽ, കൈറ്റ് ഫെസ്റ്റിവൽ തുടങ്ങിയവയ്ക്ക് വളർച്ചാ സാധ്യതകളുണ്ട്.

**14.3.12. സ്പോർട്സ് ഫിലിം ഫെസ്റ്റിവൽ -** ഓപ്പൺ സ്റ്റേഡിയങ്ങളിൽ പ്രദർശിപ്പിക്കുന്ന സ്പോർട്സ് അധിഷ്ഠിത സിനിമകൾ കായിക-കലാ പ്രേമികൾക്ക് മികച്ച അനുഭവം നൽകും.

### 14.3.13. സ്പോർട്സ് എല്ലാവർക്കും

സ്പോർട്സ് എല്ലാവർക്കും അനുഭവവേദ്യമാകണം. പ്രായം, ലിംഗം, മറ്റ് വേർതിരിവുകൾ ഒന്നും ഇല്ലാതെ എല്ലാവർക്കും പങ്കാളിത്തം ലഭിക്കണം. ഹോം സ്പോർട്സ്, കമ്മ്യൂണിറ്റി സ്പോർട്സ്, വിമൺ സ്പോർട്സ്, വെറ്ററൻ സ്പോർട്സ്, ഇൻസ്റ്റിറ്റ്യൂഷണൽ സ്പോർട്സ് തുടങ്ങിയവ പ്രത്യേകം അഭിസംബോധന ചെയ്യേണ്ടതാണ്. കായിക മേഖലയുടെ വികസനത്തിൽ എല്ലാവർക്കും പങ്കാളിത്തം ലഭിക്കണം. എല്ലാവർക്കും പ്രയോജനം ലഭിക്കണം.

### 14.3.14. സ്റ്റാർട്ടപ്പ് സ്പോർട്സിലും

സംസ്ഥാന സ്റ്റാർട്ടപ്പ് മിഷനുമായുള്ള ഏകോപനം ഇതിന് ആവശ്യമാണ്. ഒരു പ്രത്യേക സംവിധാനം അത്യന്താപേക്ഷിതവും. ഹാക്കത്തോൺ പോലുള്ള പ്രോഗ്രാമുകൾ, ഇൻകുബേഷൻ, ഫണ്ടിംഗ്, സൂക്ഷ്മമായ ഫോളോ അപ്പുകൾ എന്നിവ ഇത് വികസിപ്പിക്കാൻ അത്യാവശ്യമാണ്. സ്പോർട്സ്, ഫിറ്റ്നസ്, വെൽനസ്, ഫിസിക്കൽ ആക്റ്റിവിറ്റികൾ തുടങ്ങിയവ കേന്ദ്രീകരിച്ച് ഒരു സ്റ്റാർട്ടപ്പ് വില്ലേജ്/ സ്പോർട്സുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകൾക്കായി ഒരു പ്രത്യേക സോൺ ഒരുക്കാം.

### 14.3.15. ഫിറ്റ്നസ് ആദ്യം

ഫിറ്റ്നസ്, സ്പോർട്സ് പ്രവൃത്തികൾ ജനകീയമാക്കാൻ ഇത് ആവശ്യമാണ്. സാങ്കേതിക വിദ്യയും ഉൾപ്പെടുത്തണം. അമിതവണ്ണം നിയന്ത്രിക്കുക, ശരീരഭാരം കുറയ്ക്കുക തുടങ്ങിയവയ്ക്ക് സൂചകങ്ങൾ ഉണ്ടാക്കാം. അത് ഒരു പുതിയ തുടക്കമാകും.

### 14.3.16. ഇൻഫ്രാ ഫോക്കസ്

ചുരുങ്ങിയത് 1000 സ്പോർട്സ് അരീനകളും 25 കായിക സമുച്ചയങ്ങളും സ്വകാര്യ മേഖലയിൽ നിന്നും ലക്ഷ്യം വയ്ക്കണം. ഇത് ഒരു നിക്ഷേപ പ്രക്രിയയുടെ തുടർച്ചയാണ്. ഇൻഫ്ര അടിസ്ഥാനമാക്കിയുള്ള നിക്ഷേപങ്ങളിൽ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. സ്പോർട്സ് അരീനകൾക്കും സ്പോർട്സ് കോംപ്ലക്സുകൾക്കുമായി വ്യക്തമായ ബിസിനസ് പ്രൊപ്പോസലുകളും, റവന്യൂ മോഡലും, അധിക വരുമാന സ്രോതസുകളും കണ്ടെത്തേണ്ടതുണ്ട്. .

### 14.3.17. കൂടുതൽ ലീഗുകളും ടൂർണമെന്റുകളും ചാമ്പ്യൻഷിപ്പുകളും

ലീഗുകൾ വികസിപ്പിക്കുന്നതിൽ അസോസിയേഷനുകൾ പ്രധാന പങ്ക് വഹിക്കണം. സംസ്ഥാന സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ, സംസ്ഥാന, ജില്ലാ അസോസിയേഷനുകൾ എന്നിവർ മുൻകൈയെടുക്കണം. നിന്നു പോയ ടൂർണമെന്റുകൾ പുനഃസ്ഥാപിക്കുന്നതിന് നേരിട്ടുള്ള ഇടപെടൽ അനിവാര്യമാണ്. വിവിധ ഏജൻസികളുടെ/സംഘടനകളുടെ പങ്കാളിത്തവും പ്രധാനമാണ്.

XV

# ഫലങ്ങൾ

## സാമ്പത്തികവും സാമ്പത്തികേതരവും

### 15.1. സാമ്പത്തിക വളർച്ച, നേട്ടം

സ്പോർട്സ് ഇക്കോണമി മിഷന്റെ പ്രധാന ഗുണഭോക്താവ് സാമ്പത്തിക, വ്യാവസായിക മേഖല തന്നെ ആയിരിക്കും. സ്പോർട്സ് മേഖലയെ ഘടകങ്ങളും, ഉപഘടകങ്ങളുമായി തിരിച്ചു പദ്ധതികളും, പരിപാടികളും ആസൂത്രണം ചെയ്തിരിക്കുന്നു. 1 ശതമാനത്തിനടുത്താണ് നിലവിൽ സ്പോർട്സ് വ്യവസായത്തിന്റെ സംഭാവന. അത് 4 മടങ്ങ് വലുതാക്കാൻ മിഷൻ ലക്ഷ്യം വയ്ക്കുന്നു. അത് വഴി 2026 ആകുമ്പോഴേക്കും 40,000 കോടി രൂപ സംസ്ഥാന സമ്പദ്ഘടനയ്ക്ക് സംഭാവന ചെയ്യാൻ കെൽപ്പുള്ളതായി വളരാനാണ് ലക്ഷ്യം.

### 15.2. തൊഴിൽ

സ്പോർട്സ് ഇക്കോണമി യാഥാർഥ്യമാകുന്നതോടെ ആഭ്യന്തര തൊഴിൽ അവസരങ്ങൾ ഇരട്ടിയായി വർധിക്കും. കേരളത്തിന് പുറത്ത് സൃഷ്ടിക്കപ്പെടുന്ന അവസരങ്ങളും ഫലപ്രദമായി ഉപയോഗിക്കാൻ പദ്ധതി വിഭാവന ചെയ്യുന്നു. സ്പോർട്സ് ഒരു പ്രധാന തൊഴിൽ ദായക മേഖലയായി വളരും. സൃഷ്ടിക്കപ്പെടുന്ന പരോക്ഷ തൊഴിലുകളും ഇതോടൊപ്പം പരിഗണിക്കാം. ഇത് ജിഡിപി യിലെ ഒരു പ്രധാന ഇൻപുട്ടായി മാറും. കേരളത്തിന് പുറത്ത് ക്ലബ്ബ്കളിൽ കളിക്കുന്നവർ, പരിശീലകർ, കായിക റിക്രൂട്ട്മെന്റ് വഴി ജോലി നേടിയവർ എന്നിവർ ജിഡിപിയുടെ ഭാഗമല്ല. അവരുടെ എണ്ണം വളരെ കൂടുതലുണ്ട്. അവർ നാട്ടിലേക്ക് അയക്കുന്ന പണം അവരുടെ ശരാശരി വാർഷിക വരുമാനത്തിന്റെയും, എൻആർകെ ബാങ്ക് റെമിറ്റൻസ് പാറ്റേണിന്റെയും, അവരുടെ സ്റ്റാറ്റിറ്റിക്സിന്റെയും അടിസ്ഥാനത്തിൽ കണ്ടെത്താനാകും.

### 15.3. കായിക മികവ്

ഈ മിഷൻറെ ഒരു പ്രധാന ലക്ഷ്യം പ്രതിഭകളെ കണ്ടെത്തി, വളർത്തി അവരെ കായിക മികവിന്റെ പാരമ്യത്തിലേക്ക് എത്തിക്കുക എന്നതാണ്. സർക്കാർ കേന്ദ്രീകൃത സ്വഭാവത്തിൽ ചില കേന്ദ്രങ്ങൾ ഒരുക്കുന്നുണ്ട്. പങ്കാളിത്ത സ്വഭാവത്തിൽ നിലവിൽ തുടർച്ചയായി മികവ് കാട്ടുന്ന 100 കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി വളർത്താനും പദ്ധതി ഇടുന്നു. തെരഞ്ഞെടുത്ത കായിക താരങ്ങളുടെ ഒരു പൂളും അവർക്കായി പ്രത്യേക സ്കീമും തയ്യാറാക്കുന്നുണ്ട്. അവർക്ക് പ്രത്യേക ശ്രദ്ധ, പരിശീലനം, മികച്ച പരിശീലകരുടെ സേവനം, വിദേശ പരിശീലന സൗകര്യം, സ്റ്റൈപ്പന്റ്, പെർഫോമൻസ് അടിസ്ഥാനമാക്കി ഇൻസെന്റീവ് തുടങ്ങിയവ ഈ പാക്കേജിൽ ഉൾപ്പെടുന്നു. കോച്ചുമാരുടെ ഒരു പൂളും ഈ വിധത്തിൽ തന്നെ തയ്യാറാക്കുന്നുണ്ട്. തുടർച്ചയായ കോച്ചസ് ക്ലിനിക്കുകൾ, ടെക്നോളജി അപ്ഡേറ്റ്, പുതിയ പരിശീലന തന്ത്രങ്ങൾ, മാനേജ്മെന്റ് ഇൻപുട്ട് തുടങ്ങിയവ ഈ പാക്കേജിൽ ഉൾപ്പെടുന്നു. അവരുടെ പരിശീലനത്തിനായി മാത്രം ഒരു സ്പോർട്സ് റിസേർച്, ടെക്നോളജി & സയൻസ് സെന്റർ വിഭാവന ചെയ്യുന്നു. മാഡ്രിഡ് സ്പോർട്സ് ഹബ് പോലൊരു കേന്ദ്രമാണ് കായിക താരങ്ങൾക്കായി പദ്ധതിയിടുന്നത്.

### 15.4. പൗരബോധം, അഭിമാനം

പൗരന്മാരുടെ അഭിമാനവും, ആത്മവിശ്വാസവും വളർത്താൻ കായിക രംഗത്തോളം പറ്റിയ ഒന്നില്ല. സ്പോർട്സ് ഇക്കോണമിക്ക് കേരളം സമൂഹത്തിൽ അത്തരമൊരു അഭിമാനം വളർത്താൻ സാധിക്കും. തുടർച്ചയായ നേട്ടങ്ങൾ സംസ്ഥാനത്തിന് എത്തിപ്പിടിക്കാൻ പറ്റും. നിരവധി നാഴികക്കല്ലുകൾ ഓരോ വർഷവും പിന്നിടും. കായിക രംഗത്ത് ലോകത്തെയും, രാജ്യത്തെയും പല തുടക്കങ്ങളും സംസ്ഥാനത്ത് നിന്ന് ഉണ്ടാകും. കേരളത്തിന്, മലയാളികൾക്ക് ഏറ്റവും അഭിമാനബോധം പകരുന്ന ഒന്നായി കായിക രംഗം മാറും. എല്ലാവരുടെയും പങ്കാളിത്തം എന്ന ലക്ഷ്യത്തിലേക്ക് അത് നീങ്ങും. സ്പോർട്സിന്റെ ഭാഗഭാക്കാകാനും ശാരീരിക, ആരോഗ്യ, മാനസിക, വൈകാരിക വികാസം നേടാനും മുഴുവൻ ആളുകളും തയ്യാറാവുകയും ചെയ്യും. പതിയെ അതൊരു സംസ്കാരമായി പരിണമിക്കും.

### 15.5. തൊഴിൽ പര്യാപ്തത

കായിക, ശാരീരിക് മികവ് പ്രധാന മാനദണ്ഡമായി നിരവധി തൊഴിലുകൾ ഉണ്ട്. സ്കൂൾ, കോളേജ്, ഹോം, കമ്മ്യൂണിറ്റി, റീക്രിയേഷണൽ സ്പോർട്സ് സജീവമാകുന്നതോടെ സ്കിൽ ഡെവലപ്മെന്റും തൊഴിൽ പര്യാപ്തതയും വർധിക്കും. മാനസിക പിരിമുറുക്കം കുറയ്ക്കുക, വൈകാരിക പക്വത ആർജിക്കുക, മത്സര ക്ഷമത കൈവരിക്കുക, സ്പോർട്സ്മാൻ സ്പിരിറ്റ് ഉണ്ടാവുക, പോരാട്ട വീര്യം നേടിയെടുക്കുക എന്നിവയൊക്കെ കളിക്കളങ്ങളിൽ നിന്നും മുഖ്യമായും ആർജിക്കുന്നതാണ്. മത്സരപരീക്ഷാ വിജയങ്ങൾക്ക് ഇത്തരം സ്കില്ലുകൾ പ്രധാനമാണ്. അത് സ്പോർട്സ് ഇക്കോണമി സംഭാവന ചെയ്യും.

## 15.5. ആരോഗ്യം, സൗഖ്യം

സ്പോർട്സ് ഇക്കോണമിയുടെ സാമ്പത്തികേതര ഗുണഫലങ്ങളിൽ ഏറ്റവും പ്രധാനം ആരോഗ്യമുള്ള വ്യക്തിയും, സമൂഹവും എന്നതാണ്. മികവിലേക്കും, നേട്ടങ്ങളിലേക്കും വളരുന്നവർ ശതമാനത്തിൽ കുറവായിരിക്കും. സ്പോട്സ്, വ്യായാമം, യോഗ എന്നിവയൊക്കെ ശാരീരിക മാനസിക ആരോഗ്യം വർധിപ്പിക്കുന്നു. ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കും. അമിത വണ്ണം, കൊഴുപ്പ് തുടങ്ങിയവ കുറയ്ക്കും. മാനസികോല്ലാസം സമ്മർദ്ദവും പിരിമുറുക്കവും ഇല്ലാതാക്കും. ആളുകളുടെ പ്രോഡക്റ്റിവിറ്റി വർധിക്കും. ആയുർ ദൈർഘ്യം കൂടും. ഇമ്മ്യൂണിറ്റി വർധിക്കും. ആളുകൾ കൂടുതൽ കാലം ആരോഗ്യത്തോടെ കഴിയും. മരുന്നിനും ചികിത്സക്കും വേണ്ടി ചെലവാക്കുന്നത് ചുരുക്കാം. സർക്കാരിന് ആശുപത്രികൾക്കും, ആരോഗ്യ സൗകര്യങ്ങൾക്കുമായി ചെലവിടുന്നതും കുറയ്ക്കാം.

## 15.6. സ്പോർട്സ് എല്ലാവരുടേതുമാകും

മുഴുവൻ പൗരന്മാരും കായിക മേഖലയുടെ ഭാഗമാകുന്ന അവസ്ഥയാണ് സ്പോർട്സ് ഇക്കോണമി സൃഷ്ടിക്കുക. എല്ലാ വീടുകളിലും കൊച്ചു കളിക്കളങ്ങളും, ഫിറ്റ്നസ് സൗകര്യവും എത്തുന്ന അവസ്ഥ ഉണ്ടാകും. സ്ത്രീകളുടെ കായിക രംഗത്തെ പങ്കാളിത്തം വർധിക്കും. നടത്തം നല്ല വാക് വേകളിലൂടെ ആകും. സൈക്ക്ലിങ്ങിന് പ്രത്യേകം ട്രാക്ക്കൾ വരും. സ്കൂളുകളിൽ മുഴുവൻ കുട്ടികളും കളികളുടെ ഭാഗമാകും.

## 15.7. എല്ലാവർക്കും പ്രയോജനം

എല്ലാവര്ക്കും സ്പോർട്സ് സാധ്യമാകുന്നതോടെ പല തരത്തിൽ അവർക്ക് പ്രയോജനകരമാകും. ചിലർക്ക് ആരോഗ്യത്തിന്, ചിലർക്ക് ആനന്ദത്തിന്, മറ്റ് ചിലർക്ക് തൊഴിലിന്, വേറെ ചിലർക്ക് ഉപജീവനത്തിന്, വേറെ കൂട്ടർക്ക് ബ്രാൻഡിങ്ങിന് അങ്ങനെ എല്ലാവർക്കും ഏതെങ്കിലും തരത്തിൽ സ്പോർട്സ് പ്രോയോജനകരമാകും.

## 15.8. കോവിഡാനന്തരം

കോവിഡ് സൃഷ്ടിച്ച പുതിയ അവബോധം രോഗം വരാതെ നോക്കാനും, ആരോഗ്യത്തിൽ കൂടുതൽ ശ്രദ്ധിക്കാനും, കായിക- വ്യായാമ പ്രവത്തനങ്ങളിൽ ഏർപ്പെടാനും ആളുകളെ പ്രേരിപ്പിക്കുന്നു. സ്പോർട്സ്, ഫിറ്റ്നസ്, വെൽനസ് സങ്കല്പങ്ങൾ കൂടുതൽ അടുത്തു. ആരോഗ്യവും, മുൻകരുതലും മുഖ്യ പരിഗണനയായി വരുമ്പോൾ സ്പോർട്സ് ഒരു മുഖ്യധാരാ മേഖലയായി മാറുന്നു.

## 15.9. മറ്റൊരു കേരള മാതൃക

ആരോഗ്യം, വിദ്യാഭ്യാസം, ടൂറിസം എനിയ്ക്ക് ശേഷം മറ്റൊരു ശ്രദ്ധേയമായ കേരള മോഡലാകും ഇത്.

സ്പോർട്സ് കേരളത്തെ അടിമുടി മാറ്റും. കൂടുതൽ പ്രോഡക്റ്റിവ് ആയ പുതു തലമുറ രൂപപ്പെടും. ആയുർദൈർഘ്യം കൂടും. ആളുകൾ കൂടുതൽ കാലം ആരോഗ്യത്തോടെ ജീവിക്കും. ഹാപ്പിനസ് ഇൻഡ്ക്സ് ഉയരും.

**XVI**

# വിവിധ ഘട്ടങ്ങൾ, വളർച്ച

മുഴുവൻ പ്രോജക്റ്റും 3 ഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു. ഇതിൽ ഒന്നാം ഘട്ടം പൂർത്തിയാക്കി രണ്ടാം ഘട്ടം പുരോഗമിക്കുന്നു. പദ്ധതിയുടെ ഈ ഘട്ടത്തിൽ സ്ട്രാറ്റജി രൂപീകരണവും റോഡ്മാപ്പ് തയ്യാറാക്കലും മുൻഗണനകളാണ്. ഓരോ സ്കീമുകളുടെയും പ്രോജക്ടുകളുടെയും പ്രോഗ്രാമുകളുടെയും രൂപീകരണം ഈ ഘട്ടത്തിൽ പൂർത്തിയാക്കി.

ഇനി നിർവഹണമാണ്. അതിനു മുൻപ് വകുപ്പുകൾക്കിടയിലുള്ള ആശയ വിനിമയം നടക്കണം. പദ്ധതികളുടെ വിശദാംശങ്ങളിലേക്ക് കൂടുതൽ സൂക്ഷ്മമായി കടന്ന് ചെല്ലണം. അവയുടെ പല തരത്തിലുള്ള ഫല സാധ്യതയും, പ്രായോഗികതയും വിശകലനം ചെയ്യണം. സാമ്പത്തിക സ്രോതസുകൾ നിർവചിക്കണം, കണ്ടെത്തണം. മിഷൻ ലക്ഷ്യംവച്ചിട്ടുള്ള ടാർഗറ്റ് എത്തിപ്പിടിക്കാൻ കഴിയുമോ എന്ന് തുടർച്ചയായി വിലയിരുത്തണം.

പ്രാഥമിക ഡാറ്റ ശേഖരണം, വ്യക്തതയുള്ള ജോഗ്രഫിക്കൽ മാപ്പിങ് എന്നിവ ഇതിനിടയിൽ നടക്കണം. തയ്യാറെടുപ്പിന്റെ ഭാഗമായുള്ള പരിപാടികളും മൂന്നാം ഘട്ടത്തിൽ മുഖ്യമാണ്.

ഇവയുടെ കൂടി അടിസ്ഥാനത്തിൽ പദ്ധതികൾ പുനഃക്രമീകരിക്കണം. ആവശ്യമായ ഭേദഗതികൾ വരുത്തണം.

**പൂർത്തിയാക്കിയ ഘട്ടം**

- ആശയ രൂപീകരണം
- പ്രധാന മേഖലകളെയും ഉപവിഭാഗങ്ങളെയും തെരെഞ്ഞെടുക്കൽ
- ദ്വിതീയ ഡാറ്റ ശേഖരണം



**ഇപ്പോഴത്തെ ഘട്ടം**

- ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും കണക്ക്
- പ്രാഥമിക വിവര ശേഖരണവും റൂട്ട് ലെവൽ സർവേയും
- നിലവിലെ മൂല്യനിർണ്ണയം

**അടുത്ത ഘട്ടം**

- നയ പരിപാടിയുമായി ബന്ധിപ്പിക്കുന്നു
- സമയക്രമം നിശ്ചയിക്കൽ
- വളർച്ചാ ലക്ഷ്യങ്ങൾ തീരുമാനിക്കുന്നു
- പദ്ധതികൾ അന്തിമമാക്കുന്നു
- ഔപചാരിക നടപടിക്രമങ്ങൾ വഴി കണക്കെടുപ്പ്

XVII

# റോഡ്മാപ്പ്

## *ദൗത്യം നടപ്പിലാക്കൽ*

ഇത് ഒരു നീണ്ട പ്രക്രിയയാണ്, ആശയ തലത്തിൽ നിന്ന് നിരവധി ഘട്ടങ്ങളിലൂടെ വികസിച്ചാണ് ഈ ഘട്ടത്തിൽ എത്തിയത്. കായികമേഖലയെ സമ്പദ്ഘടനയായി വികസിപ്പിക്കാൻ സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിന് വിശാലമായ ഒരു നിർവചനം രൂപപ്പെട്ടു. അതിരുകൾ വരച്ചു. ലഭ്യമായ ദ്വിതീയ ഡാറ്റ ഉപയോഗിച്ച്, അളവ് തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയാക്കി. സാധ്യതകൾ വിശകലനം ചെയ്യുന്നതിന് ഇടയിൽ നിരവധി വിലയിരുത്തലുകൾ നടത്തി. ബന്ധപ്പെട്ടവരുമായി നിരവധി ചർച്ചകൾ പൂർത്തിയാക്കി. സാധ്യതയുള്ള സെഗ്മെന്റുകളും മൈക്രോ സെഗ്മെന്റുകളും തിരിച്ചറിഞ്ഞു. ഈ പ്രത്യേക മേഖലകളിൽ സൂക്ഷ്മതല വിലയിരുത്തൽ നടത്തി. ഇതിനെയെല്ലാം ആശ്രയിച്ചാണ് സ്ട്രാറ്റജി രൂപപ്പെടുത്തിയത്. കേരളത്തിന്റെ ചരിത്ര പശ്ചാത്തലം ശക്തമായ അടിത്തറയായിരുന്നു. വളർച്ചയുടെ പ്രധാന മേഖലകൾ കണ്ടെത്തി. ഇതെല്ലാം പരിഗണിച്ചാണ് പദ്ധതികൾക്കും, പരിപാടികൾക്കുമുള്ള നിർദേശങ്ങൾ തയ്യാറാക്കിയത്. പദ്ധതികളുടെ ചെലവ് ഇതോടൊപ്പം കണക്കാക്കി. സാമ്പത്തിക പ്രക്രിയ ആഴത്തിൽ പഠിച്ചു. റോഡ് മാപ്പിന്റെ ഒരു ഗ്രാഫിക്കൽ പ്രാതിനിധ്യം ചുവടെ ചേർത്തിരിക്കുന്നു.

| | |
|---|---|
| **തീരുമാനം** | നയപരമായ തീരുമാനം |
| **ഏകോപനം** | കായികം, ആസൂത്രണം, സ്ഥിതിവിവരക്കണക്ക്, വ്യവസായം തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനം |
| **ഡാറ്റ** | വിവര ശേഖരണവും സമാഹരണവും |
| **തിരിച്ചറിയൽ** | വസ്തുതകളും കണക്കുകളും തിരിച്ചറിയുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു |
| **തിരഞ്ഞെടുപ്പ്** | വ്യവസായത്തിന്റെ വലിപ്പം, GSP-യിലേക്കുള്ള സംഭാവന മുതലായവ. |
| **നാഴികക്കല്ലുകൾ** | നാഴികക്കല്ലുകളും ടൈംലൈനുകളും സജ്ജീകരിക്കുന്നു |
| **സ്ട്രാറ്റജി** | പ്രവർത്തന പദ്ധതികളും സ്ട്രാറ്റജിയും തയ്യാറാക്കുന്നു |
| **റോഡ്മാപ്പ്** | വ്യക്തമായ റോഡ്മാപ്പ് തയ്യാറാക്കുന്നു |
| **ലക്ഷ്യങ്ങൾ** | മിഷന്റെ ടാർഗെറ്റുകൾ നിശ്ചയിക്കുന്നു |